വേദപ്രചാരമദ്ധ്യസ്ഥൻ



The Vedaprachara Madhyastan.

Vol. 12. December 1939 No. 6.

വിഷയവിവരണിക.

1 മംഗളം (പദ്യം)
2 ക്രിസ്തുമസ്സ് മംഗളം
3 പുൽക്കൂട്ടിൽ (പദ്യം)
4 ക്രിസ്തുമസ്സ് കീർത്തനം (പദ്യം)
5 വത്സരചിന്തകൾ
6 കത്തോലിക്കാപ്രവർത്തനപംക്തി
7 മെത്രാഭിഷേകരജതജൂബിലി
8 The Truth Society, Changanacherry.
9 പുസ്തകാഭിപ്രായം
10 കമ്മ്യൂണിസം (പ്രഹസനം തുടർച്ച)
11 യഹൂദന്മാർ (തുടർച്ച)
12 പരിപൂർണ്ണതാദർശം (തുടർച്ച)
13 ആത്മാർപ്പണം (പദ്യം)
14 മെഴുകുരൂപം
15 സെൻറ് വിൻസൻറ്റ് ഡിപോൾ
16 മിഷ്യൻരംഗത്തിലെ എൻറെ പ്രഥമാനുഭവങ്ങൾ
17 ജപ്പാപ്പസ്തോലസഖ്യം
18 കത്തോലിക്കായ്ക്കം
19 മിഷൻഞായറാഴ്ചപിരിവ്
20 അരമനവാർത്തകൾ
21 പരസ്യങ്ങൾ
22 പഞ്ചാംഗം

അമലോത്ഭവത്തിരുനാൾ

ചങ്ങനാശേരി പാറേൽ പള്ളിയിൽ ആണ്ടുതോറും ആഘോഷിച്ചുവരാറുള്ള അമലോത്ഭവമാതാവിൻറെ തിരുനാൾ ഇക്കൊല്ലവും പതിവുപോലെ ഡിസംബർ 5–ാം തീയതിക്കു വൃശ്ചികം 19–ാംനു- ചൊവ്വാഴ്ച ആരംഭിക്കുന്നതും, ഡിസംബർ 8–ാംനു-ക്കു് വൃശ്ചികം 22–ാംനു- വെള്ളിയാഴ്ച അദ്ഭുതപൂർവ്വമായ ആഡംബരങ്ങളോടുകൂടി അവസാനിക്കുന്നതുമാകുന്നു.

തിരുനാൾദിവസങ്ങളിൽ ഈ ദേവാലയം സന്ദർശിച്ചു് വി. കുർബാന ഉൾക്കൊള്ളുന്നവർക്കു് കല്പിക്കപ്പെട്ടിരിക്കുന്ന ദണ്ഡവിമോചനങ്ങൾ പ്രാപിക്കാനവുതാകുന്നു.

വേദപ്രചാര മദ്ധ്യസ്ഥൻ.

പുസ്തകം 12 ഡിസംബർ 1939 ലക്കം 6

മംഗളം.

വിശ്രമംമറന്നുനന്മചെയ്തിടുംബിഷപ്പുത–
ന്നാശ്രമത്തിൽനിന്നുവന്നിടുന്നനല്ലമാസികേ
നിൻശ്രമംഫലിച്ചിടുന്നതിന്നുരാഗമന്യൂനം–
മിശ്രമാകുമീശപാദമെന്നുമേകിടുംവരം.

ജോസഫ് മീനാട്ടൂർ എം. എ

ക്രിസ്തുമസ് മംഗളം

ലോകത്തെ മുഴുവൻ അസ്വസ്ഥത ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു. ഓരോ നിമിഷവും മരണഭീതിയോടുകൂടി അനേകായിരങ്ങൾ പോരിലേപ്പെട്ടിരിക്കുന്നു. മനുഷ്യജാതി മുഴുവൻതന്നെ ആപത്ശങ്കയാലും ക്ഷാമത്താലും കഠിനമായ മനഃക്ലേശവും ഭീതിയും അനുഭവിക്കുന്നു. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അത്യാഹിതങ്ങളും ഭീമനഷ്ടങ്ങളും അനേകരെ ദുഃഖാബ്ധിയിൽ മുക്കിയിരിക്കുന്നു. രാഷ്ട്രങ്ങൾ സാഹോദര്യത്തെയും സ്നേഹത്തെയും വിസ്മരിച്ചു കരബലത്തെ മാത്രം ആശ്രയിക്കുന്നു. 'നന്മനിറഞ്ഞുള്ള മനുഷ്യർക്കു സമാധാനം' എന്ന ദിവ്യസന്ദേശത്തോടുകൂടി പുൽത്തൊഴുത്തിൽ ജാതനായ ദൈവശിശുതന്നെ പിഞ്ചുകരങ്ങളാൽ ഏവരെയും ആശീർവദിച്ചു ലോകത്തിനു സമാശ്വാസവും ശാശ്വതമായ സമാധാനവും പ്രദാനം ചെയ്യുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി 'മദ്ധ്യസ്ഥൻ' എല്ലാവർക്കും ക്രിസ്തുമസ് മംഗളം ആശംസിച്ചുകൊള്ളുന്നു.

പുൽക്കൂട്ടിൽ.

ജോസഫ് മീനാട്ടൂർ എം. എ. തുശിനാപ്പള്ളി.

നിത്യസുഖാംശുവികാസം
സപർഗ്ഗവധൂമൗലിചൊരിവതാംഹാസം,
ഈശപരരാഗവിലാസം
നിത്യംപ്രവഹിപ്പൊരുദയയുടെവാസം,

വിനാശഹീനപ്രഭമായതോരണം
വിരാജമാനക്കിഹദീപ്തിപൂരണം,
നരാരിവഗ്ഗത്തിനു നാശകാരണം,
നിലാവുപോൽപുഞ്ചിരിയുണ്ണിതുവണം.

ക്രിസ്തുമസ് കീർത്തനം.

ജോസഫ് വി. കാഞ്ഞിരത്തുങ്കൽ കുറുമണ്ണൂർ

അത്യുന്നതങ്ങളിലീശനുനൽസ്തോത്രം
സാധുക്കൾക്ക്ഭൂമിയിൽശാന്തി! ശാന്തി!
മർത്ത്യകുലരക്ഷനേടുവാനായിട്ട
മർത്ത്യനായ്തീർന്നോനേ! ദൈവപുത്രാ!
ഉത്തുംഗസൌധങ്ങളൊന്നുമേ നേടാതെ
മൃത്യോടെരുത്തിലിൽ ജാതനാംനീ
പാതിരാനേരത്തിൽ ദിവ്യവദനത്തിൻ
കാന്തിയാലാദിക്കിൽ ശോഭചാർത്തി
പച്ചവില്ലസിനാൽ മേനിമറയ്ക്കാതെ
കീറത്തുണിയാൽ പൊതിഞ്ഞുകാണ്മൂ;
ഘോരമേ, ത്രിലോകനാഥന്റെമേനിയി—
ന്നാകെവിറയ്ക്കുന്ന ശീതംമൂലം
മാനുഷരക്ഷയ്ക്കുവേണ്ടിയവതാരം
ചെയ്തോരുനാഥനുസ്തോത്രംസ്തോത്രം
മാലാഖാമാരാൽ സംസേവിതനായോനു
കാളകളാണിപ്പോൾ സേവകന്മാർ

വത്സരചിന്തകൾ.

[ഫാദർ ഫില്ലാസ്ത്രോസ് സി. ഡി.]

ഈ ഡിസംബർമാസം മുപ്പത്തിയൊന്നാംതീയ്തിയോടുകൂടി 1939-ാംവത്സരം അവസാനിക്കുകയും അടുത്തദിവസം 1940—ാംവത്സരം ആരംഭിക്കുകയുംചെയ്യുന്നു. ഈ കാലഘട്ടത്തിൽജീവിക്കുന്നഎല്ലാ ജീവജാലങ്ങൾക്കും പ്രസ്തുത വത്സരം എന്നോക്കും കടന്നുപോകുന്നതും മേലാൽ ഒരിക്കലും തിരികെ ലഭിക്കാത്തതുമാണെന്നു സ്പഷ്ടമാണല്ലൊ. ലോകം അതിന്റെ ആഡംബരങ്ങളോടുകൂടി ഭൂചക്രവാളത്തിൽ നട്ടം തിരിയുന്നതിനോടുകൂടി മനുഷ്യജീവിതവും കടന്നുപോകയും അതു ക്ഷണഭംഗുരമാണെന്നു വിശദമാക്കുകയുംചെയ്യുന്നു. വേദാഗമം സാക്ഷിക്കുന്നതുപോലെ മനുഷ്യന്റെ ഈലോകവാസംതന്നെ "പക്ഷിയുടെ പറക്കൽപോലെയും, അമ്പൽക്കാരന്റെ ഓട്ടംപോലെയും വഴിയമ്പലത്തിലെ വിശ്രമത്തിനു തുല്യവും വെള്ളത്തിലെ കുമിളകൾ സദൃശവും പുഴയിലെഴുക്കുപോലെയും"ആകുന്നു." ലോകംഅതിന്റെ വിവിധാഡംബരങ്ങളോടും ജഡഭോഗങ്ങളോടുംകൂടി കടന്നുപോകുന്നു. കടലും, കരയും, കുന്നുകളും, താഴ്വരകളും,രാജ്യങ്ങളും,രാജാക്കന്മാരും വിധികർത്താക്കന്മാരും, പ്രഭുക്കന്മാരും, സാധാരണന്മാരും, മുതലാളികളും തൊഴിലാളികളും ഒന്നടങ്കം കടന്നുപോകുന്നു. നമ്മുടെ പൂർവ്വന്മാരും സ്നേഹിതന്മാരും, ശത്രുക്കളും മിത്രങ്ങളും ഈലോകം വെടിഞ്ഞിരിക്കുന്നു. ആണ്ടുകളും മാസങ്ങളും ,ആഴ്ചകളും, ദിവസങ്ങളും, മണിക്കൂറുകളും, വിനാഴികകളും എത്രക്ഷണത്തിൽ കഴിഞ്ഞുകൂടുന്നു. ഇപ്പോൾ ലോകത്തിൽ ജീവിക്കുന്നനാമേവരും ഒരുത്തൻ പിമ്പായി ഓരോരുത്തൻ ഈലോകത്തെയും, സ്വത്തുക്കളെയും, സകല അവകാശങ്ങളെയും സ്വമനസ്സാലെയൊ നിർബന്ധപൂർവമൊ തൂജിച്ചുകൊണ്ടു ഒരിക്കൽ ലോകത്തെ ഉപേക്ഷിച്ചു പരലോകത്തേക്കു പ്രയാണം ചെയ്യേണ്ടിയിരിക്കുന്നു. ഈ സത്യ

ആഹന്ത! ദൈവമെ! ഞങ്ങൾതൻപാപത്താൽ
സ്നേഹംപൂണ്ടീവിധം നീചമഞ്ഞോ?
ദാരിദ്ര്യമുൾത്തിയാമീശോയെ ഞങ്ങൾക്കും
പൂരിച്ചസൽഫലം നൽകിടേണേ.
നിന്മർത്ത്യാവതാരത്തിൻഫലം ഞങ്ങൾക്കും
ചെമ്മേലഭിക്കുമാറായിടേണം
"അത്യുന്നതങ്ങളിലീശനു നൽസ്തോത്രം"
സാധുക്കൾക്കുഴിയിൽ ശാന്തി! ശാന്തി!

ത്തെ നിരീശ്വരന്മാർക്കുപോലും നിഷേധിക്കുവാൻ സാധിക്കുന്നതുമല്ല. എന്തുകൊണ്ടെന്നാൽ ഇതു അനുദിനസംഭവമാകുന്നു. "ദൈവംഇല്ല, എന്നു തന്റെ ഹൃദയത്തിൽ പറയുന്നു ദുഷ്ടനും" ഈവാസ്തവത്തെ നിഷേധിക്കുന്നില്ല. ഇഹലോകത്തിൽ നടക്കുന്ന യുദ്ധങ്ങളും, കലാപങ്ങളും, ഏകാധിപത്യത്തെരുക്കങ്ങളും, മതപീഡനങ്ങളും, സാമ്പത്തികാധഃപതനം എന്നുവേണ്ട സകല വിഷമതകളും, സുഖക്കേടുകളും സന്തോഷസന്താപങ്ങളും, ദാരിദ്ര്യവും, ധനാഗമവും സകലവും അവസാനിക്കുകയും കടന്നുപോകയും ചെയ്യുന്നു. "സകലവും മായം മായങ്ങളുടെ മായം" എന്നുള്ള വേദവാക്യം അർത്ഥവത്തായി തന്നെയിരിക്കുന്നു "പ്രവൃത്തികൾക്കനുസരണമായി ഓരോരുത്തനും ദൈവം പ്രതിഫലംനല്കും"

താഴെ വരുന്ന പ്രാസംഗികന്റെ വചനങ്ങൾ ശ്രദ്ധേയമാകുന്നു: "മായങ്ങളുടെ മായം; മായങ്ങളുടെ മായം; എല്ലാം മായംതന്നെ. സൂര്യന്റെ കീഴ് മനുഷ്യന്റെ പ്രയത്നങ്ങളുടെ ശേഷം അവൻ എന്തുലാഭിക്കുന്നു? ഒരു തലമുറ കടന്നു് മറ്റൊരു തലമുറ ആവിർഭവിക്കുന്നു. എന്നാൽ ഭൂമിനില്ക്കുന്നു. സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. വീണ്ടും അതിന്റെ സ്ഥാനത്തെ പ്രാപിക്കുന്നു വീണ്ടുംഉദിച്ചുവരുന്നു. സൂര്യന്റെ കീഴ് ഒന്നും നവമല്ല ഇതു നവീനമാണെന്നു ഒരു മനുഷ്യനും പറയുന്നതിനുമുമ്പു് ഉണ്ടായിരുന്നു." (ഏക്ലെയാസ്റ്റസ് അ 1. വ. 1-10) ഈ പ്രപഞ്ചവും, അതിലുള്ളവയും മനുഷ്യവംശവും മാറ്റത്തിനധീനമായിരുന്നാലും സകലത്തിന്റെയും നിയന്താവായ സർവേശ്വരനു യാതൊരു മാറ്റവുമില്ലെന്നും, അവിടുത്തെ വിധികളും നിശ്ചയങ്ങളും അപ്പടി നടക്കുമെന്നും നാം ഗാഢമായി വിചിന്തനം ചെയ്യുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാകുന്നു. തന്നെയുമല്ല, കടന്നുപോകുന്ന ലോകത്തെ സേവിച്ചു നടുംതിരിയാതെ സത്യദൈവത്തിനു പരമാർത്ഥമായ ശുശ്രൂഷചെയ്തു മുക്തി പ്രാപിക്കുവാൻ ശ്രമിക്കേണ്ടതാണ്. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് മനുഷ്യനു ദൈവം വിവേചനാശക്തിയോടുകൂടിയ അമർത്യാത്മാവിനെ പ്രദാനം ചെയ്തിരിക്കുന്നതു്. ഇവിടെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതു: ലോകത്തിലുള്ള സകല വസ്തുക്കളും കടന്നുപോകുന്നതും അതിലുള്ള ഗുണാഗുണങ്ങളും ക്ഷണഭംഗുരങ്ങളും ആയിരുന്നാലും, ദൈവം നിത്യനാകുന്നു. ദൈവത്തിനു ആദിയും അവതിയുമില്ല. "കർത്താവെ! നീ നിത്യമായി സ്ഥിതി ചെയ്യുന്നവനാകുന്നു. നിന്റെ സ്മരണ തലമുറതലമുറയോളം. ആദിയിൽ നീ ഭൂമിയെ സൃഷ്ടിച്ചു ആകാശം നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവകടന്നു പോകുന്നു. എന്നാൽ നീ നിലനില്ക്കുന്നവനാകുന്നു" (സങ്കീ. 102. 12-24) "നിന്റെ വത്സരങ്ങളും തീർന്നുപോകുന്നില്ല" (വ. 27) "നമുക്കു് ആണ്ടുതോറും

മാറാമുണ്ട്. കഴിഞ്ഞയാണ്ടു നമുക്കു നഷ്ടപ്പെട്ടു. ദൈവത്തിനു നഷ്ടമില്ല. നിത്യാനന്ദം നീ ആഗ്രഹിക്കുന്നുവെങ്കിൽ നിത്യനായദൈവത്തോടു നീ വിശ്വസ്തനായിരിക്കുക" എന്നു വി. ആഗുസ്തീനോസു പറയുന്നു. ലോകനിയന്താവായ ദൈവത്തോടുള്ള മനുഷ്യവർഗ്ഗത്തിന്റെ കടപ്പാടും ചുമതലയും ഉത്തരവാദിത്വവും എത്രകണ്ടു ഗൌരവതരമാണെന്നു നാം ഏവരും സദാ ഓർക്കേണ്ടതാകുന്നു.

ഇപ്പോൾ അവസാനിക്കുവാൻ പോകുന്ന ഈ വത്സരംവരെ നിന്റെ ആയുഷ്കാലത്തിൽ ദയാഗൃതാപപരമായ എത്രമാത്രം സൽകൃത്യങ്ങൾ നീ ചെയ്തിട്ടുണ്ട്? അഥവാ പാപകരമായ ദുഷ്കൃത്യങ്ങളും പ്രമാണലംഘനങ്ങളും നിന്നിൽ അധികമാകയാണൊ ചെയ്തതെന്നും പരിശോധിക്കണം. ദൈവവിശ്വാസം, ദൈവഭയം അനുസരിച്ചുള്ള മതാനുഷ്ഠാനം സാന്മാർഗ്ഗിയജീവിതം എന്നിവ ഇല്ലാത്തവർക്കു രക്ഷ ലഭിക്കുക അസാദ്ധ്യമാകുന്നു. ദൈവം വെളിപ്പെടുത്തുന്നതും, ഉപദേശിക്കുന്നതുമായ മതാനുഷ്ഠാനം, വിശ്വാസം, സാന്മാർഗ്ഗനടപടി, എന്നിവ ഏവരും അനുസരിക്കുന്നതായാൽ ലോകത്തിൽ യാതൊരുമാത്സര്യവും,ഭിന്നതയും യുദ്ധവും അധഃപതനവും ഉണ്ടാകുന്നതല്ല. ദൈവസ്നേഹവും സഹോദരസ്നേഹവും യഥാർത്ഥത്തിൽ കാക്കപ്പെടുന്നതായാൽ ലോകസമാധാനം താനെതന്നെ കൈവരും. നീതി,സത്യം,ഉപവി മുതലായ സാന്മാർഗ്ഗിക സുകൃതങ്ങളും നിർബ്ബാധം നിർവഹിക്കപ്പെടുകയും ചെയ്യും. വത്സരാവസാനത്തിൽ ബലഹീനരായ നമ്മുടെ വീഴ്ചകളെയും പാപങ്ങളെയുംകുറിച്ചു് മനസ്സപിച്ചു ദൈവത്തോടു മാപ്പപേക്ഷിക്കണം. അടുത്ത നവവത്സരം ശുഭമാക്കിതീർക്കണം

കത്തോലിക്കാപ്രവർത്തനപംക്തി

ആറ്റിങ്ങൽ. ഇവിടെ നിലവിലിരുന്ന "കത്തോലിക്കസമാജത്തെ" അതിന്റെ 12—8—1938-ൽ കൂടിയ പൊതുയോഗത്തിൽവച്ചു് സി. ഏ സി. യായി രൂപാന്തരപ്പെടുത്തി കേന്ദ്രസഭയിൽനിന്നുള്ള അംഗീകാരലബ്ധിക്കുശേഷം 1938 ഒക്ടോബർ 9-ാംനു-മാന്നാനം ആശ്രമശ്രേഷ്ഠൻ വെ റവ ഫാദർ എവുജീൻ സി. ഡി അവർകളുടെഅദ്ധ്യക്ഷത്തിൽ സമ്മേളിച്ച മഹായോഗത്തിൽവച്ചു് പ്രസ്തുത സംഘത്തിന്റെ പ്രോൽഘാടനകർമ്മം നിർവഹിക്കപ്പെട്ടു.

1. പ്രവർത്തകസമിതി.

ഡയറക്ടർ റവ. ഫാദർ ജെയിക്കബ് തൈത്തോട്ടം.

പ്രസിഡൻറ്. തുരുത്തുമാലിൽ പുതുച്ചിറയിൽ സി. മാണി

സെക്രട്ടറി, കുന്നംപുറത്തു സി. തോമ്മസ്.

ഖജാൻജി. തുരുത്തുമാലിൽ ചാക്കോജോസഫ്. ഇവരെ കൂടാതെ 19 അംഗങ്ങളോളം കമ്മറിയിൽ ഉൾപ്പെട്ടുന്നു.

2. അംഗങ്ങൾ. ഇപ്പോൾ ഈ സംഘടനയിൽ 150 അംഗങ്ങൾ ചേർന്നിട്ടുണ്ട്. ഈ ഇടവകയിൽ നിലവിലിരിക്കുന്ന 8 പ്രാദേശികസംഘങ്ങൾ കൂടി സി. ഏ. സി. യോട് സംഘടിച്ചു പ്രവർത്തിക്കുന്നതിനു സംവദിച്ചിരിക്കുന്നതിനാൽ മേലിൽ പ്രസ്തുത സംഘത്തിന്റെ പ്രവർത്തനശക്തി വർദ്ധിക്കുമെന്നതിൽ സന്ദേഹത്തിനവകാശമില്ല.

3. ഫണ്ട്. ക്രുപാന്തരപ്പെടുത്തപ്പെട്ട 'കത്തോലിക്കുസമാജ'ത്തിന്റെ നീക്കിയിരിപ്പു രൂപാ 24—16—12 ഉൾപ്പടെ ഇപ്പോൾ സി.ഏ.സി-ക്ക് രൂപാ 25—12—12 നീക്കിയിരിപ്പുണ്ട്.

4 വായനശാല. സി ഏ സി-യുടെ ആഭിമുഖ്യത്തിൽ ഒരു ഗ്രന്ഥാലയം സ്ഥാപിച്ചിട്ടുണ്ട്. ഒരു നല്ല ഗ്രന്ഥശേഖരവും അതിനുണ്ട്.

5 സൻഡേസ്കൂൾ. ഈ ഇടവകയിൽ നടത്തപ്പെട്ടുപോന്നവേദപാഠസ്കൂൾ പ്രവർത്തനം സി ഏ.സി ഏറെറടുക്കുകയും അദ്ധ്യാപകന്മാരായി സി ഏ സി അംഗങ്ങളായ ശ്രീമാന്മാർ പി.സി മാണി, കെ. സി. തോമ്മസ്, റവി. സി. ചാക്കൊ, സി.സി. മാത്തൻ, വി.എം. വക്കി, കെ. കെ. അവിരാ എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എത്രയും വിജയപ്രദമായ നിലയിൽ ഇപ്പോൾ പ്രസ്തുത പ്രസ്ഥാനം നടത്തിവരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

6 നിശാപാഠശാല. ഞങ്ങളുടെ പ്രവർത്തനങ്ങളിൽ പരമപ്രാധാന്യമർഹിക്കുന്നതു നിശാപാഠശാലാസ്ഥാപനമാണ്. ബൈബിൾ പഠനമാണ് ഈ ക്ലാസ്സുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. സ്ഥലത്തെ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞുകാണുന്നതു് ആശാജനകമാണ്.

7 സമ്മേളനങ്ങൾ. ഈ കാലഘട്ടത്തിനിടയിൽ 7 പൊതുയോഗങ്ങളും 6 കമ്മറിയോഗങ്ങളും നടത്തപ്പെട്ടിട്ടുണ്ട്. പൊതുയോഗങ്ങളിൽ ഉപന്യാസങ്ങൾ വായിക്കുക, ലഘുപ്രസംഗങ്ങൾ നടത്തുക മുതലായകൃത്യങ്ങൾ സാധാരണയാണ് കൂടാതെയും, ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ, പരിശുദ്ധ പാപ്പായുടെ സ്ഥാനാരോഹണം, ജാതീയദിനം, ബിഷപ്സ്ഡേ എന്നിവ ആഡംബരസമനായം യഥാവസരം ആഘോഷിച്ചിട്ടുണ്ട്.

അംഗങ്ങളുടെ കായികാഭിവൃദ്ധിയെഉദ്ദേശിച്ചു ഒരു ബാഡ് മീൻറൻ കളി അത്യുത്സാഹപൂർവ്വം നടന്നുവരുന്നുവെന്നുള്ളതും സ്മർത്തവ്യമാണ്.

റവ. ഫാദേഴ്സ് എവുജീൻ സി. ഡി., ജോസഫ് വെള്ളാപ്പള്ളി, സിറിയക്ക് തുരുത്തുമാലി, സക്കറിയാസ് പൂവത്തുങ്കൽ ബി. ഏ., കുയ്ൻകുയ്യാസ് ബി. ഏ., സിറിയക്ക് മറ്റം ഡി. ഡി., ശ്രീമാന്മാരായ പി.





പള്ളിത്തൃപ്പടുന്നിട്ടുന്നമതിമാ-
നീശാനകുലത്തിനാൽ
വെള്ളിജ്ജുബിലിവാഴരത്തിലമിതാ-
നന്ദത്തിലേവുന്നാം.
ഉള്ളിൽത്തൻഭരണീയരാന്കുതുകം
കൊണ്ടുള്ളോരാത്മാർപ്പണ-
ത്തുള്ളൽക്കോളിലിളയ്ക്കുമന്ദമരുൾ-
ന്നാഹ്ലാദമെല്ലാടവും.

മെത്രാഭിഷേകരജതജൂബലി

കോട്ടയം രൂപതയുടെ മെത്രാൻ നി. വ. ദിവ്യശ്രീ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സിലെ മെത്രാഭിഷേകരജതജൂബലി ആഘോഷിക്കുന്നതു് ഈ ഡിസംബർ അവസാനത്തിലാണല്ലൊ. തിരുമനസ്സുകൊണ്ടു ഭരണഭാരം കൈയ്യേറ്റതിനുശേഷം കോട്ടയം രൂപതയ്ക്കുണ്ടായിട്ടുള്ള സർവതോന്മുഖമായ അഭിവൃദ്ധി സുവിദിതങ്ങളും അദ്ദേഹത്തിന്റെ സ്മരണയെ ശാശ്വതമാക്കുന്നതിനു തികച്ചും പര്യാപ്തങ്ങളുമത്രെ. 25 കൊല്ലം മെത്രാനായി ഭരിക്കുക എന്ന അസാധാരണമായ ഈ ഭാഗ്യം സിദ്ധിച്ചതിൽ ഞങ്ങളും തിരുമേനിയെ സവിനയം അനുമോദിക്കയും അവിടത്തോടൊന്നിച്ചു ദൈവത്തിനു സ്തോത്രം ചെയ്കയും ചെയ്കകൊള്ളുന്നു.

THE TRUTH SOCIETY, CHANGANACHERRY.

നിരീശ്വരത്വം, സന്മാർഗ്ഗവിഹീനത, സമഷ്ടിവാദം മുതലായ ആധുനികതിന്മകളോടെതിരിടുന്നതിനും, നല്ലനല്ല ആശയങ്ങളെ പൊതുജനമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനുമായി കഴിഞ്ഞ മാർച്ചുമാസത്തിൽ സ്ഥാപിതമായ "ചങ്ങനാശേരി ട്രൂത്തുസൊസൈറ്റി"യിൽനിന്നും ഇതിനകം അഞ്ചു ലഘുപത്രികകളും അവയുടെ ഇരുപത്തീരായിരത്തോളം പ്രതികളും അച്ചടിച്ചു കേരളത്തിലെ ചില പ്രധാനകേന്ദ്രങ്ങളിൽ വിതരണംചെയ്തിട്ടുണ്ട്. "കമ്മ്യൂണിസത്തിന്റെ തനിനിറം", "ക്രിസ്തു ഒരു സോഷ്യലിസ്റ്റ്?" ആയിരുന്നുവോ?", "സ്വകായ്യസ്വത്തും ദാരിദ്ര്യവും", "സമഷ്ടിവാദവും ദാരിദ്ര്യവും", "കമ്മ്യൂണിസത്തിന്റെ മൗലികസിദ്ധാന്തങ്ങൾ" എന്നിവയാണു മേല്പറഞ്ഞ പ്രസിദ്ധീകരണങ്ങൾ. ആറാമത്തെ ലഘുപത്രിക ഡിസംബർ 3-ാംന- പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. മൂലധനമില്ലാതെ, പൊതുജനങ്ങളുടെ സഹായസഹകരണത്തെ മാത്രം ആശ്രയിച്ചു സമാരംഭിച്ചിട്ടുള്ള ഈ പ്രസ്ഥാനത്തെ ഏവരും കഴിയും വിധം പ്രോത്സാഹിപ്പിക്കുമെന്നു ഭാരവാഹികൾ പ്രതീക്ഷിക്കുന്നു.

സി. ജോൺ ബി. ഏ., വിദ്വാൻ മകളയിൽ ജോസഫ് വാദ്ധ്യാർ, പി. സി. കുഞ്ഞൻ ബി. ഏ., എന്നീ മാന്യമഹത്തുക്കൾ ഞങ്ങളുടെ സമ്മേളനങ്ങളിലും മറ്റും ചെയ്തന്നിട്ടുള്ള സഹായസഹകരണങ്ങളെ കൃതജ്ഞതാപൂർവം സ്മരിച്ചുകൊള്ളുന്നു.

അവസാനമായി ഞങ്ങളുടെ ഡയറക്ടറും സ്ഥലം വികാരിയുമായ റവ. ഫാദർ ജെയിക്കബ് തെരേത്തോട്ടം അവർകളുടെ പ്രവർത്തനപാടവം നന്ദിപൂർവം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ആർപ്പൂക്കര
21—8—'39.

സി. ഏ സി. സിക്രട്ടറി.
കെ. സി. തോമ്മസ്

പുസ്തകാഭിപ്രായം

1. 'മരിയഭക്തിവിജയങ്ങൾ' അഥവാ 'ശനിയാഴ്ചയത്ഭുതങ്ങൾ'

(വില 8 ണ.)

പരിഭാഷകൻ: മി. റവി. പി. സേവിയർ

പ്രസാധകൻ: മാനേജർ, പി. പാപ്പിക്കമ്പനി, മാന്നാനം.

ദൈവമാതാവിനോടുള്ള അന്യാദൃശമായ ഭക്തി കേരളീയ കത്തോലിക്കരുടെ പ്രത്യേകലക്ഷണമാണ്. ഈ വിശിഷ്ടഭക്തി നമ്മുടെ നാട്ടിൽ പണ്ടു പണ്ടേ ശ്രുതമൂലമായിത്തീർന്നിട്ടുള്ള ഒന്നത്രെ. 'മേയ് മാസഭക്തി' ആഘോഷപൂർവം കൊണ്ടാടുന്നതിലും, ഒക്ടോബർ മാസത്തിൽ പള്ളികളിൽ നടത്തിവരുന്ന കൊന്തനമസ്ക്കാരത്തിൽ സംബന്ധിക്കുന്നതിനു അതിരാവിലെ ഓടി എത്തുന്നതിലും, 'അമ്പത്തുമൂന്നുമണിജപം' ആദിയായ അനുദിനജപങ്ങളും ചെയ്യുന്നതിലും കേരളീയ കത്തോലിക്കർ ആബാലവൃദ്ധം പ്രദർശിപ്പിക്കുന്ന അത്യുത്സാഹവും, നിഷ്ഠയും, ത്യാഗസന്നദ്ധതയും ഏതൊരു കത്തോലിക്കന്റെയും കണ്ണുകളെ ആനന്ദാശ്രുവാൽ നിറയ്ക്കുന്നതിനു പര്യാപ്തമാണ്. രക്ഷാകരമായ ഈ ഭക്തിയെ സംരക്ഷിക്കുന്നതിനും, ഉപര്യുപരി പരിപോഷിപ്പിക്കുന്നതിനും, പൂർവ്വാധികം പ്രചരിപ്പിക്കുന്നതിനും ഉപയുക്തമായ ഒന്നാണ്, മാതാവിന്റെ മാദ്ധ്യസ്ഥശക്തിയെ പ്രകീർത്തിക്കുന്ന 'ശനിയാഴ്ചയത്ഭുതങ്ങൾ', എന്ന ഈ വിശിഷ്ട ഗ്രന്ഥം. കാലോചിതമായ ഈ പുസ്തകത്തിന്റെ പരിഭാഷകനും പ്രസാധകനും കേരളീയരുടെ അഭിനന്ദനത്തെയും പ്രോത്സാഹനത്തെയും അർഹിക്കുന്നു.

തന്റെ തീക്ഷ്ണ ഭക്തന്മാരെ അനുഗ്രഹിക്കുന്നതിനും, തന്റെ ബഹുമാനത്തിനായി ചില സൽകൃത്യങ്ങൾ അനുഷ്ഠിച്ചുവരുന്ന പാപികളെ നാശത്തിൽനിന്നു രക്ഷിക്കുന്നതിനും, തന്നെ നിന്ദിച്ചുവരുടെ മാതൃകായോഗ്യമായ ശിക്ഷ നൽകുന്നതിനുംവേണ്ടി സ്വർഗ്ഗരാജ്ഞിയായ ദൈവമാതാവ് പ്രവർത്തിച്ചിട്ടുള്ള 52 അത്ഭുതങ്ങളാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. നാതിദീർഘങ്ങളും ലളിതമനോഹരമായ ഭാഷയിൽ എഴുതപ്പെട്ടതുമായ പ്രസ്തുതസംഭവകഥകൾ കുടുംബങ്ങളിൽ വായിക്കുവാൻ പറ്റിയതാണ്. ഓരോ കഥയുടെയും അവസാനത്തിൽ ചേർത്തിരിക്കുന്ന തത്തുല്യോപദേശരത്നങ്ങളും അമൂല്യങ്ങളുണ്ട്. ഡമ്മി പുറ്റിൽ 300 ൽപരം പേജുകളുള്ള ഈ പുസ്തകത്തിന്റെ വില താരതമ്യേന തുച്ഛവുമത്രെ. ഈ ഗ്രന്ഥം എല്ലാഭവനങ്ങളിലും സഞ്ചരിച്ചു ദൈവമാതൃഭക്തിയെ വളർത്തട്ടെ എന്നു ഹൃദയപൂർവ്വം ആശംസിച്ചുകൊള്ളുന്നു.

കമ്മ്യൂണിസം, (പ്രഹസനം)

(സീൻ 4—തുടർച്ച)

ക്രിസ്ത്യാനി—അതുതന്നെയാണെനിക്കുവേണ്ടതും. എന്നാൽ മഹതികളേ! നിങ്ങളോടൊന്നു പറഞ്ഞുകൊള്ളട്ടെ. ലോകം അതിന്റെ വിനാശകാലത്തെ സമീപിക്കുന്നു. ഇവിടെ മ്ശിഹായും ലൂസിഫേറും അഥവാ, സമാധാനവും വിപ്ലവവും തമ്മിൽ പൊരുതുന്നു. ക്രിസ്തുവിന്റെ ആദർശത്തെ ഉത്തമമായ രീതിയിൽ ക്രൈസ്തവസഭാമാതാവും അതേ ആദർശത്തിന്റെ മറവിൽ പൈശാചികശക്തിയെ ഇവളും ലോകത്തിനുപദേശിക്കുന്നു. ഇവർതമ്മിൽ—അന്ധതയിൽ, സത്യവും തിന്മയും തമ്മിൽ, വെളിച്ചവും ഇരുട്ടും തമ്മിൽ—ഉണ്ടാകുവാനിരിക്കുന്ന ആ ഘോരസംഘട്ടനം ആരംഭിച്ചുകഴിഞ്ഞു. എന്റെ അമ്മയെ നശിപ്പിച്ച് അതുപോലെ ഈ ലോകത്തിൽ ഒരു ഭരണം നടത്താനാണ് ഇവളുടെ ഉദ്യമം. അതു സാധിക്കുകയില്ല. പക്ഷെ നിങ്ങൾക്ക് ഇവരിൽ ആരുടെ എങ്കിലും ഒരാളുടെ പക്ഷത്തു ചേരാതെ മതിയാവൂ. കണ്ണുതുറന്നു സത്യത്തെ കാണുവിൻ. തെങ്ങൾ സത്യത്തിനുവേണ്ടി മരണം വരിക്കട്ടെ നിങ്ങൾ സത്യത്തെ ആശ്ലേഷിച്ചു സൗഭാഗ്യം നേടുവിൻ.

കമ്മ്യൂണിസം—മതിയെടാ പ്രസംഗം. നിന്റെ സ്വപ്നലോകത്തിൽചെന്ന് അവിടെ നിന്റെ മറയത്താത്തിന്റെ പഴങ്കഥകൾ വീണിട്ടുള്ളതു പെറുക്കുവാൻ ഇനി താമസിക്കണ്ട. (ക്രിസ്ത്യാനിയുടെ ഇടയിൽനിന്ന് മാറിക്കൊണ്ടുപോയി തല തകർത്ത് രക്താഭിഷിക്തയായി കയറിവരുന്നു.)

സഹോദരികളെ നിങ്ങൾക്കും ഇതു പാഠമായിരിക്കട്ടെ.

കപിലം—(രഹസ്യമായി ഭാരതാംബികയോട്) ഭയങ്കരം. ഇവളോടെതിരിടുക നമ്മേപ്പോലുള്ളവർക്ക് ജീവനാശത്തിനു കാരണമാണ്. ഇവൾ അതിഭയങ്കരിയായ ഒരു രാക്ഷസിതന്നെ.

ഭാരതാംബ—ഇനി നിവൃത്തിയില്ല. ഇപ്പോൾ ഇവളോടൊരുമിച്ചുപോകാം. തരംവന്നെങ്കിൽ എതുപക്ഷത്തുചേരാം. അല്ലെങ്കിൽ സ്വന്തംതല മണ്ണിന്നാതെ സൂക്ഷിക്കാം.

കമ്മ്യൂണിസം—എന്താ സഹോദരികളെ നിങ്ങൾ പകച്ചു നിൽക്കുന്നത്. നമുക്ക് ഇനിയും ചിലരെക്കൂടി നേരിട്ടു കാണേണ്ടതുണ്ട്.

ഇസ്ലാമിക—എന്നാൽ പുറപ്പെടുകതന്നെ.

(എല്ലാവരും)—നശിക്കട്ടെ, ദുഷ്പ്രഭുത്വം, നശിക്കട്ടെ രാജിതവും നശിക്കട്ടെ. .... (പോകുന്നു).

സീൻ 5

(സഭാമാതാവു് മുൻപോലെ പ്രവേശിയ്ക്കുന്നു)

എല്ലാവരും--

[ഹരിമാധവനെ--എന്ന മട്ടു്]

വരദായകനേ-മരിയാസുതനേ-ശുഭദായകനേ-മരി.....
പാപികൾക്കാകുലം തീർത്തിടുവാനായ്-ബഹു
താപഭരമാർന്നുരിശേറിരക്ഷകാ-ഇവ-
ക്കേകരക്ഷകാ-സർവ്വലോകരക്ഷകാ—(വരദാ....)

2. പരിപാലയമാം കരുണാലയനേ—ശുഭ.....
ലോകത്തിൽ ഘോരമർദ്ദനങ്ങളേറിടാ-മഹാ-
ശോകത്തിലാണ്ടിടുന്നോൻ ജീവദായകാ-
സർവ്വശക്തിദായകാ-നൽക മുക്തിനായകാ—(വരദാ.....)

സൈന്യാ—(പ്രവേശിച്ചു്) അമ്മേ! അവിടത്തെ മഹാദുഃഖത്തിനിടയിൽ ഒരു സന്തോഷവാർത്തയുംകൊണ്ടാണു് ഇവൻ വന്നിരിക്കുന്നതു്. ആ റഷ്യൻ റാണിയുടെ ദിഗ്വിജയയാത്രയിൽ അഖിലരും അവളുടെ പുറംപൂച്ചുകളിൽ മയങ്ങിപ്പോയെങ്കിലും അവിടത്തെ നന്ദനന്മാരുടെ അത്യുഷ്ണാനത്താലും ജീവരക്തപ്രവാഹത്താലും ഇന്നു് അവളുടെ സത്യാവസ്ഥ ലോകം ഗ്രഹിച്ചിരിക്കുന്നു. ആ പൗരസ്ത്യറാണിമാരായ കപിലയും ഭാരതിയും അവരുടെ നഷ്ടശിഷ്ടരായ പ്രജകളോടൊന്നിച്ചു് അവിടത്തെ സംരക്ഷണത്തിൻ കീഴിലുള്ള സൗഭാഗ്യജീവിതം കാംക്ഷിച്ചു് അങ്ങെ കാണുന്നതിനായി പുറത്തു കാത്തുനിൽക്കുന്നു. മാത്രമല്ല ആ ഇസ്ലാമികപോലും അവളിൽ അവിശ്വാസം പ്രകടിപ്പിക്കുന്നു എന്നാണു് കേട്ടതു്.

മാതാവു്-മകനെ ദൈവനാമം മഹത്വപ്പെടട്ടെ. നീ അവരെ കൂട്ടിക്കൊണ്ടുവരിക.

സൈന്യാ—അവിടുന്നു ആജ്ഞാപിക്കുന്നതുപോലെ ചെയ്യാം. (പോകുന്നു)

(കപിലയും ഭാരതാംബയും പ്രവേശിക്കുന്നു)

കപില—അമ്മേ! അവനീശ്വരീ! ഞങ്ങടെം-അപരിഷ്കൃതരെന്നു വഹേളിക്കപ്പെട്ടിരുന്ന ഈ ഞങ്ങടെം നിന്റെ പുത്രന്മാർ നിമിത്തം സത്യം കണ്ടെത്തി സ്വതന്ത്രരും ധന്യരുമായി. എന്നാൽ ആ റഷ്യൻ റാണി ഞങ്ങളുടേയും അങ്ങയുടേയും അനേകായിരം വീരനന്ദനരെ വധിച്ചു. ഞങ്ങളെ പിടിക്കുടാൻ അനേഷിക്കുന്നു. അവർക്കു സഹായികൾ

ളായി ഇപ്പോൾ എല്ലാപാശ്ചാത്യരാണിമാരും ഉണ്ട്. ഞങ്ങൾ സുരക്ഷിതരാകുവാൻ അവിടത്തെ തുപ്പാദം മാത്രം ഗതിയെന്നുറച്ച് ആശ്രയിക്കുന്നു. അമ്മേ നിന്റെ വിശ്വസ്ത ദാസരുടെ ഗണത്തിൽഞങ്ങളേയും സ്വീകരിച്ച് അനുഗ്രഹിച്ചാലും-(മുമ്പിൽമുട്ടുകുത്തുന്നു)

സഭാമാതാവ്-മക്കളെ എന്നെആശ്രയിക്കുന്നവരുടെരക്ഷ ഭൗമികമായിരിക്കുകയില്ല. നിങ്ങളെ ഞാൻ ഹൃദയവ്യഥയോടെ കാത്തിരുന്നു.

ഭാരതാംബ-ഭൗമികമല്ലാത്ത ആ നിത്യരക്ഷയെ മാത്രമാണ് ഞങ്ങൾ ഇപ്പോൾ ആഗ്രഹിക്കുന്നത്.

സഭാ-വത്സരേ! നിങ്ങൾ നിങ്ങളുടെ പിതൃഭവനത്തിലെത്തിയിരിക്കുന്നു. നമുക്കു സന്തോഷിക്കാം. മറവുള്ളവർക്കും നമ്മുടെ നാഥൻ ആനന്ദം നൽകുമാറാകട്ടെ.

മംഗളം

(ഗോഡ് സേവ് ഔവർ-മട്ട്)

ഉന്നതനേശുവേ!നിന്നുടെരാജിതം-മ-ന്നി-ട-ത്തിൽ
വിസ്തൃതമാകട്ടെ-നാസ്തികശക്തിയെ-വിജയിച്ചീടട്ടെ
പോ—പ്പു—രാ—ജൻ
ഭീകരമായിടും-പീഡനമിന്നുനിൻ-ന-ന്ദ-ന-ന്മാർ
ഏൽക്കുന്നുശക്തരായ്-ത്തീർന്നിടട്ടെയവർ-വിജയിച്ചീടണേ
നി—ത്യ—ത—ത്തിൽ
സംഗതമാകട്ടെ-സത്യംജയിക്കട്ടെ-ഇ-ദ്ധ-ര-യിൽ
ക്രിസ്തുമഹേശാനീ-യേവർക്കുംസമ്രാട്ടായ്-വിജയിച്ചീടണേ
മം—ഗ—ള—മേ-

പരസ്യം.

പള്ളികർമ്മാവശ്യമുള്ള ശുദ്ധമായ തേൻമെഴുക്, മെഴുകുതിരി, പതച്ചമെഴുക്, കുന്തിനാ, വെടിയുപ്പ്, ഗന്ധകം മുതലായവയും ഇരുമ്പുകടസാധാരണമായ മറ്റെല്ലാ സാമാനങ്ങളും ഏറ്റവും മിതമായ വിലയ്ക്കു വിൽക്കുവാൻ തയ്യാർ.

അഡ്വാൻസ് അയച്ചുതരുന്നപക്ഷം ദൂരസ്ഥിതരായ പള്ളിക്കാർക്ക് ആവശ്യമുള്ള സാമാനങ്ങൾ ഓർഡറനുസരിച്ച് എത്തിച്ചുകൊടുക്കുന്നതിനും തയ്യാറുണ്ട്.

എന്ന് അതിരമ്പുഴ തെക്കേടത്ത് ദേവസ്യാ മത്തായി,
ഇരുമ്പുകട-ചന്ത. ചങ്ങനാശേരി

യഹൂദന്മാർ

അവരുടെ കുരിശിന്മേൽ തൂക്കൽ [തുടർച്ച]

വന്ദ്യദിവ്യശ്രീ പുലിക്കോട്ടു യൌസേഫ് റമ്പാൻ

പീലാത്തോസ് വിധിപ്രസ്താവിച്ചുകഴിഞ്ഞയുടനെ, കുരിശിൽ തൂക്കിക്കൊല്ലാനായി വിട്ടുകൊടുക്കുന്നതിനു മുമ്പ്, യേശുവിനെ പ്രഹരിക്കുവാൻ അദ്ദേഹം ആജ്ഞാപിച്ചു. റോമാക്കാരുടെ പതിവുപ്രകാരം കുരിശിൽ തൂക്കുന്നതിനു മുമ്പു നടത്തേണ്ടതത്രേ പ്രഹരശിക്ഷ. ഇതിനു ഇതര തെളിവുകളും ഇല്ലാതില്ല. രാജ്യത്തിനു വിരോധമായി വിപ്ലവമാരംഭിച്ചവരിൽ അനേകംപേരെ തടവുകാരാക്കി പിടിക്കുകയും, മുറനവധിപേരെ ചാട്ടവാർകൊണ്ടു പ്രഹരിച്ചു കുരിശിൽ തൂക്കുകയും ചെയ്തതായി ചരിത്രകാരനായ ലവി പ്രസ്താവിക്കുന്നുണ്ട്. അലക്സന്ത്രിയയിലെ യഹൂദന്മാരെ അതികഠിനമായി പ്രഹരിച്ചതിന്റെ ശേഷമായിരുന്നു അവരെ തൂക്കിക്കൊല്ലുവാൻ റോമാ അധിപതിയായ ഫ്ളക്കോസ് കല്പിച്ചതെന്നു മറെറാരു ചരിത്രജ്ഞനായ ഫിലോവും സാക്ഷിക്കുന്നുണ്ട്. റോമാക്കാർ യരൂശലേം പട്ടണം പിടിച്ചടക്കിയപ്പോൾ യഹൂദന്മാരിൽ അനേകശതംപേരെ പ്രഹരിച്ചുതൂക്കിക്കൊന്നുവെന്നു ജോസഫസ്സും രേഖപ്പെടുത്തിയിരിക്കുന്നു.

അത്യന്തം നിർദ്ദയമായ പ്രഹരംകഴിഞ്ഞതിന്റെശേഷംകുരിശ്ശേട്ടത്തുനടക്കുവാൻ ആജ്ഞപുറപ്പെട്ടുവെന്നുള്ളതു വിശേഷകൻസാക്ഷീകരിക്കുന്നുണ്ടല്ലോ. പ്രഹരംമൂലം ശരീരമാകവേ പൊട്ടിപ്പൊളിയുകയാലും, അവയിൽനിന്നു രക്തംധാരധാരയായി പ്രവഹിച്ചിരുന്നതുകൊണ്ടുണ്ടായ പാരവശ്യം നിമിത്തവും കുരിശ്ശുവലിച്ചിഴച്ചുകൊണ്ടുപോകുവാനല്ലാതെ നമ്മുടെ രക്ഷകനു കഴിവുണ്ടായില്ല. കുരിശ്ശോ, കുറച്ചധികം ഭാരമുള്ളതുമായിരുന്നു. ആ ദയനീയമായ പോക്കിൽ പിന്നെയും വളരെയേറെ പീഡകൾ നമ്മുടെ രക്ഷകൻസഹിച്ചുകാണണമെന്നു നമുക്കു ഊഹിക്കാവുന്നതാണ്. അങ്ങനെതന്നെയായിരുന്നു അക്കാലത്തെ നടപ്പും. ക്ഷീണത്തിന്റെ അധിക്യംകൊണ്ടും ദേഹമാകവേ ഉണ്ടായ ഉസ്സഹമായ വേദനമൂലവും കുരിശ്ശു ഏന്തി ഒരൊറ്റടിപോലും വെക്കുവാൻ നിർവ്വാഹമില്ലാത്തവനായിത്തീർന്ന നമ്മുടെ രക്ഷകൻ. അതുകണ്ടപ്പോൾ യരൂശലമിലേക്കു പോയിരുന്ന കുറേനായക്കാരൻ ശീമോനെ വിളിച്ചു് ആ കുരിശ്ശേട്ടുവാൻ പടയാളികൾ ആവശ്യപ്പെട്ടു. ഈ കാര്യത്തിലുള്ള റോമാക്കാരുടെ നടപടി നോക്കുമ്പോൾ ക്രിസ്തീഹനമാരുടെ മേല്പറഞ്ഞ വിവരണം എത്രയും ശരിയായിരിക്കുന്നുവെന്നു നമുക്കു സമ്മതിക്കുവാൻ. കുരിശ്ശുമരണത്തിനായി വിധിക്കപ്പെട്ട ദ്രോഹികളും അടിമകളും അവർക്കു തൂങ്ങുവാനുള്ള കുരിശ്ശു മുഴുവനോടെയോ, അ

ല്ലെങ്കിൽ വിലങ്ങത്തിലുള്ള അതിന്റെ തണ്ടോ അവരവർതന്നെ വഹിച്ചുകൊണ്ടുപോകണമെന്നുള്ളതു നിർബന്ധമായിരുന്നു. പ്രഹരംകൊണ്ടും അതോടൊപ്പമുള്ള നിരവധി പീഡകളാലും രക്തത്തിൽ കുളിച്ചുതളർന്നു കുറെക്കാരൻ എടുത്താൽ പൊങ്ങാത്ത കുരിശും വലിച്ചു നടന്നുപോകുന്നതുകണ്ടാൽ, ഇതും ഇരിക്കട്ടെ എന്റെ വകയും' എന്നു മുഷ്ടി ചുരുട്ടി രണ്ടുകൊടുക്കാതെയോ, കാൽക്കീഴ് മുഖത്തു തുപ്പാതേയോയിരിക്കാൻ വഴിവക്കത്തു നിൽക്കുന്നവർക്കു ക്ഷമയുണ്ടാകുമാറില്ലായിരുന്നു. ഈവിധത്തിൽ കുരിശുംവഹിച്ചുപോയപ്പോൾ—വേറെയൊരാൾ കുരിശെടുത്തു പിറകെ നടക്കുന്നതു കണ്ടപ്പോൾ വിശേഷിച്ചും-നമ്മുടെ രക്ഷകൻ എത്രമാത്രം ഉന്തും തള്ളും, കുത്തും ചവിട്ടും, തുപ്പും, ശകാരവും, സഹിച്ചുകാണണമെന്നു നമുക്കു ഊഹിക്കാവുന്നതാണ്. സഹിക്കാവുന്നതിലപ്പുറമായ ആ പീഡകളും ഏറ്റിട്ടും, പിന്നീടു കുരിശിന്മേൽ തൂക്കിയിട്ടും, കുറെനേരം കഴിഞ്ഞതിനുശേഷമല്ലാതെ അവിടുന്നു മരിച്ചില്ലല്ലോ എന്നു വിസ്മയത്തോടുകൂടിയല്ലാതെ നമുക്കു ചിന്തിക്കാൻ കഴിയുന്നതല്ല.

കുറെക്കാരൻ കുരിശുംവഹിച്ച് എത്തുമ്പോഴേയ്ക്കും കൊലസ്ഥലത്തു അതു നാട്ടുവാനുള്ള കുഴി ശരിപ്പെടുത്തിയിട്ടുണ്ടായിരിക്കും. അവൻ വന്നാൽ അവന്റെ വസ്ത്രമെല്ലാം അഴിച്ചു ഒന്നാമതായി അവനൊരു തരം പാനീയം കൊടുക്കുകയാണു ചെയ്യുക. അനന്തരം നിലത്തുവെച്ചിട്ടുള്ള കുരിശിന്മേൽ അവനെ മലർത്തിക്കിടത്തിക്കൊണ്ടു ഇരുവശവും നന്നാലു പടയാളികൾ നിന്നു് അവന്റെ കൈകാലുകളിന്മേലായി നാലു വലിയ ആണികൾ കുരിശിന്റെ തണ്ടിനോടു ചേർത്തു അടിച്ചു കയറ്റുന്നു. ആ പണിയെല്ലാം സുമാറായി കഴിഞ്ഞാൽ പലരുംകൂടി ആ കുരിശെടുത്തു പൊക്കി പെട്ടെന്നു് കുഴിയിലുടുകയും ചെയ്യും. ഞരമ്പുകളുടെ കേന്ദ്രസ്ഥാനങ്ങളായ കൈകളുടേയും കാലുകളുടേയും പത്തികളിൽ ആണികൾ അടിച്ചുകയറുമ്പോഴത്തെ സഹനീയമല്ലാത്ത വേദന നിമിത്തം അവൻ അതിന്മേൽ കിടന്നു ഞെളിപിരികൊണ്ടു പിടയുന്നതു കാണുവാൻ കണ്ണിൽ ചോരയില്ലാത്ത കൽഹൃദയന്മാർക്കു മാത്രമേ സാധിക്കുകയുള്ളൂ. അനന്തരം കുരിശെടുത്തു സാവകാശത്തിൽ കുഴിയിലേക്കിറക്കാതെ അതു പൊക്കിപ്പിടിച്ചു പെട്ടെന്നുകുഴിയിലേയ്ക്കിടുമ്പോൾ അവന്റെ അസ്ഥികളെല്ലാം തകർന്നുപോയെന്നതന്നെ അവനു തോന്നാതിരിക്കുകയില്ല. അപ്പോൾ കൈകാലുകളിന്മേലുള്ള ആണിക്കുഴകൾ, പൊക്കിപ്പിടിച്ചുകൊണ്ടുള്ള ആ ഇടൽകൊണ്ടു, പൊളിഞ്ഞുകീറുകയും ചെയ്യും. കുരിശിൽ തൂക്കുമ്പോഴത്തെ റോമാക്കാരുടെ പടങ്ങുകൾ ഇപ്പുറത്തെ തരത്തിലത്രേ.

പരിപൂർണ്ണതാദർശം

[റവ. ജെ. വേഴമ്പത്തോട്ടം]

ii) നമ്മെ മറിയത്തിന്റെ അടിമകളായി സമർപ്പിക്കണം. മറിയഭക്തിയുടെ പരിപൂർണ്ണതയ്ക്ക് അവളുടെ അധീനതയിലുള്ള അടിമകളേപ്പോലെ നമ്മുടെ ഉടമസ്ഥാവകാശം പരിപൂർണ്ണമായി അവൾക്കു വിട്ടുകൊടുക്കേണ്ടതാവശ്യമാണ്. അനുഗൃഹീതനായ ദെ മോൺട് ഫോർട്ട് അടിമത്തത്തെ മൂന്നായി തരംതിരിക്കുന്നു. 1) സ്വാഭാവിക അടിമത്തം. ഈ അർത്ഥത്തിൽ എല്ലാ മനുഷ്യരും, ശിഷ്ടന്മാരും, ദുഷ്ടന്മാരും, ദൈവത്തിന്റെ അടിമകളാണ് 2) നിർബന്ധത്തിനധീനമായ അടിമത്തം. പിശാചന്മാരും നിത്യനരകാഗ്നിക്കു വിധിക്കപ്പെട്ടിട്ടുള്ള മനുഷ്യരും ഇതിന്റെ പരിധിയിൽപെട്ട് ദൈവത്തിന്റെ അടിമകളായി ഭവിക്കുന്നു. സ്വാജ്ഞിതമായ ശിക്ഷാവിധി നിത്യമായി അനുഭവിക്കുകയല്ലാതെ ഇവർക്ക് ഗത്യന്തരമില്ല. ഇവർ ഭീകരമായ ദൈവനീതിയുടെ നിത്യസ്മാരക സ്തംഭങ്ങളായി ഭവിക്കുകയും ചെയ്യുന്നു. 3) സ്നേഹത്തിൽനിന്ന് ഉദ്ഭൂതമാകുന്നതാണ്. ഒരു സൃഷ്ടി തന്റെ സ്രഷ്ടാവിനു് അർപ്പിക്കപ്പെടുന്നതിനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം ഇതാണ്. ഈ അർത്ഥത്തിലാണ് മറിയം വഴി നാം ദൈവത്തിനർപ്പിക്കപ്പെടേണ്ടതു്. മനുഷ്യൻ പ്രകൃത്യാ ദൈവത്തിനുള്ളവനാണ്. എങ്കിലും ദൈവത്തിനു മനുഷ്യനിലുള്ള അവകാശത്തെ സ്വതന്ത്രമനസ്സിന്റെ പ്രചോദനത്താൽ പ്രേരിതനായി ഏതെങ്കിലും ദൃശ്യമായ അടയാളം ഉപയോഗിച്ച് മനുഷ്യനു സ്ഥിരീകരിക്കുവാൻ പാടുള്ളതാണ്. ദൈവതിരുമനസ്സിനു പരിപൂർണ്ണമായി അനുരൂപപ്പെട്ടിട്ടുള്ള ഏകസൃഷ്ടി മറിയം മാത്രമാകയാൽ അവൾവഴി നമ്മെ മുഴുവനും ദൈവത്തിനു സമർപ്പിക്കുന്നതു സമുചിതമാണ്. ഇപ്പോൾ നമുക്കുള്ളതും എപ്പോഴെങ്കിലും ഉണ്ടാകുവാൻ പാടുള്ളതുമായ സകലതും അവളുടെ ഇഷ്ടംപോലെ വിനിയോഗിക്കുന്നതിന് ഉത്തമവിശ്വാസത്തോടുകൂടെ വിട്ടുകൊടുക്കുന്നതു് ക്ലേശരഹിതമായ പ്രായശ്ചിത്തകരവുമാണ്. ഒരാത്മാവു് ഔദാര്യസമ്പന്നമായ മഹാമനസ്കതയോടുകൂടെ മറിയംവഴി സ്നേഹമുള്ള ഒരടിമയെപ്പോലെ ഈശോയിക്ക് ആത്മസമർപ്പണം ചെയ്യുന്നെങ്കിൽ തീർച്ചയായും അവൾ സൗഭാഗ്യസമ്പൂർണ്ണയാകുന്നു. മറിയത്തിന്റെ അടിമയായിരിക്കുന്നതും, പിശാചിന്റെ ദാസ്യത്തിൽ ജീവിക്കുന്നതുതമ്മിൽ, ഹാ! എത്ര വലിയ അന്തരം! മനഃകരുതലോടുകൂടി ചാവുദോഷത്തിൽ ജീവിതംനയിക്കുന്ന ഓരോരുത്തനും പിശാചിന്റെ അടിമയാകുന്നു.

മറിയഭക്തിയുടെ മാഹാത്മ്യം. i) 'ഇതിന്റെ മാഹാത്മ്യത്തെ പരിപൂർണ്ണമായി വിവരിക്കുന്നതിനു ദൈവത്തിൽനിന്നു പ്രത്യേകം അ

ത്മീയപ്രകാശം എനിക്കാവശ്യമുണ്ട്.' എന്നു ദെ മോൺട്ട് ഫോർട്ട് പ്ര സ്താവിക്കുന്നു. "ഞാൻ ചുരുക്കിപ്പറയാം. ഇങ്ങനെ മറിയംവഴി നമ്മെ ഈശോയിക്കു സമർപ്പിക്കുമ്പോൾ തന്റെ ഏകസുതനെ മറിയംവഴി ന മുക്കു തരുന്നതിനു തിരുമനസ്സായ നിത്യപിതാവിനെ ഒരുവിധത്തിൽ നാം അനുകരിക്കുകയത്രേ ചെയ്യുന്നത്. ഇപ്പോഴും അവിടുന്ന് തന്റെ ദാനങ്ങളെ അവൾവഴിയാണ് നമുക്കു പ്രദാനം ചെയ്യുന്നത്. അതു പോലെതന്നെ ദൈവസുതൻ നമ്മുടെ ഇടയിൽ വരുന്നതിന് ഉപയോ ഗിച്ച മാർഗ്ഗവും അവളാണ്. മനുഷ്യാവതാരത്തിന് അവിടുന്ന് ഉപ യോഗിച്ച വഴിതന്നെ അങ്ങേപ്പക്കൽ ചെല്ലുന്നതിനും നാം ഉപയോഗി ക്കണമെന്ന് അവിടുന്നു തിരുമനസ്സായി. നമുക്ക് ഒരു മാതൃകയായിരി ക്കുന്നതിനാണ് അവിടുന്ന് ഇങ്ങനെ ഒരു മാർഗ്ഗം കാണിച്ചുതന്നത്. അതുകൊണ്ട് ഈ സമർപ്പണത്തിൽ ദൈവമായ പുത്രനേയും നാം അനു കരിക്കുന്നു. അവിടുന്നുമായി തന്റെ അനുഗ്രഹങ്ങളേയും ദാനങ്ങളേ യും തന്റെ നിത്യമനവാട്ടിയായ മറിയംമുഖേന മാത്രം നമുക്കു തരു ന്ന ദൈവമായ പരിശുദ്ധാത്മാവിനെയും നാം അനുകരിക്കുന്നു. 'അ നുഗ്രഹം ഏതു മാർഗ്ഗത്തിൽക്കൂടെ നമുക്കു ലഭിച്ചോ അതേ വഴിതന്നെ അത് അതിന്റെ കാരണഭൂതന്റെ അടുക്കൽ ചെന്നുചേരണമെന്നുള്ള തു യുക്തിയുക്തമല്ലേ?" എന്നു വി. ബർനാർദ്ദ് ചോദിക്കുന്നു.

ii) ഇപ്രകാരം മറിയംവഴി ഈശോയിൽ ചേരുന്നതു മിശിഹാ യുടെ അനന്തപരിശുദ്ധതയെ സമ്മതിക്കുകയും യോഗ്യതാപൂർവ്വം അവി ടത്തെ ബഹുമാനിക്കുകയും ചെയ്യുന്നതല്ലാതെ മറ്റൊന്നുമല്ല. എ ന്തുകൊണ്ടെന്നാൽ നമ്മുടെ പാപങ്ങൾ നിരവധിയാണ്. ഈശോയു ടെ അനന്തപരിശുദ്ധതയെ നേരിട്ടു സമീപിക്കുവാൻ നാം അയോഗ്യരു മാണ്. അതിനാൽ ഏതത് കാര്യസിദ്ധിക്ക് ദൈവജനനിയായ പ.കന്യ. മറിയത്തെ ഒരു മദ്ധ്യസ്ഥയും അഭിഭാഷികയുമെന്നപോലെ ആവശ്യമു ണ്ടെന്നു വെളിവാകുന്നു. തന്നെയുമല്ല, ഈശോയെ, ദയാസ്വരൂപിയാ യ മദ്ധ്യസ്ഥനും സ്നേഹനിധിയായ സഹോദരനുമായി സ്വീകരിച്ചു പ്ര ത്യാശയോടുകൂടി നാം അവിടത്തെ സമീപിക്കുകയും ചെയ്യുന്നു. അതേ സമയംതന്നെ അങ്ങയേ നമ്മുടെ ദൈവവും വിധികർത്താവുമായി സമ്മ തിച്ചു നാം തന്നാത്താൻ താഴ്ത്തുന്നുമുണ്ട്. തൽഫലമായി ദൈവത്തി നു പ്രസാദകരവും ആനന്ദസന്ദായകവുമായ എളിമയെന്ന പുണ്യത്തിൽ നാം അടിയുറപ്പിക്കുകയാണു ചെയ്യുന്നത്.

ഈശോയിക്കു നമ്മെ സമർപ്പിക്കുന്നതിനാണ് ദൈവമാതൃകര ങ്ങളിൽ നമ്മുടെ എല്ലാ പ്രവൃത്തികളേയും നാം നിക്ഷേപിക്കുന്നത്. നമ്മുടെ സത്കൃത്യങ്ങൾ പ്രത്യക്ഷത്തിൽ എത്രതന്നെ നല്ലവയായി

ആത്മാർപ്പണം

(കുറിയാക്കോസ് ഏഴുന്നേക്കാടൻ)

വാനോർപുരത്തിൽ നിന്നീയേഴയെക്കണ്ട്
താഴേയ്ക്കിറങ്ങിയ തമ്പുരാനേ,
ശുഷ്കതൃണങ്ങളിൽ പള്ളികൊണ്ടീടും നിൻ
തൃക്കാൽക്കലെന്നും ഞാൻ നിന്നുകൊള്ളാം.

അക്ഷയശ്രീയുമഴകുമൊഴുകീടും
നക്ഷത്രവർഗ്ഗത്തെപ്പിന്നിട്ടുനീ
ഊഴിയിലെങ്ങോ ചളിയിൽ കിടക്കുമീ-
യേഴയെത്തേടിത്താൻ വന്നുവല്ലൊ!
കേൾക്കുവതുണ്ടെഞാനെന്നെസ്നേഹിച്ചിട്ടു-
മാപ്പിഞ്ചുനെഞ്ചിൻ തുടിപ്പുകളെ,—
ഓളംതുളുമ്പിടും പ്രേമക്കടലിലെ
തൃമണിമുത്തുകൾ തൻകിലുക്കം.
അംബരംതന്നിൽ പകലോനെയും,മപ്പോ-
ളാഴിയ്ക്കുടിയിലെ വെൺമണലും
ഒപ്പംകടാക്ഷിച്ചുപോരും നിൻതൃക്കണ്ണി-
ലിപ്പാപി കണ്ണീർ നിറച്ചിതയ്യോ!
നിന്മിഴിക്കോണിൽ നിറഞ്ഞിടുംകണ്ണുനീ-
രെന്മനോമാലിന്യംപോക്കണമെ.

നിർമ്മലപ്രേമത്തിൽലാവണ്യപൂരത്തിൽ
കണ്ണുകുളിപ്പിച്ചുകൊണ്ടുനിത്യം
പ്രേമസ്വരൂപമെ, നിന്നുടെ തൃപ്പാദ-
താരിൽതണലിൽ ഞാൻ നിന്നുകൊള്ളാം.

തോന്നിയാലും പലപ്പോഴും സ്വാർത്ഥപരവും മായാസ്മൃതിക്കധീനവും തന്നിമിത്തം ഫലശൂന്യവുമായിത്തീരാറുണ്ട്. എന്നാൽ ഈ ഭക്തിനിമിത്തം നമ്മുടെ പ്രവൃത്തികൾ യോഗ്യതയുള്ളവയും ദൈവത്തിനു പ്രസാദജനകവും സ്വീകാര്യവും ആയിത്തീരത്തക്കവണ്ണം അവൻ അവയെ വിശുദ്ധീകരിക്കുകയും പരിപൂർണ്ണമാക്കുകയും അലംകരിക്കുകയും ദിവ്യനാഥനു കാഴ്ചയർപ്പിക്കുകയും ചെയ്യും. ഏതാട്ടിശമായ ഒരു അഭ്യർത്ഥനയോടുകൂടെയാണ് നാം അവയെ അവളുടെ തൃപ്പാദങ്ങളിൽ തിരുമുൽക്കാഴ്ചയായി വയ്ക്കുന്നതു്.

മെഴുകുരൂപം (Agnus Dei)

(പുരയ്ക്കൽ ബ. തോമ്മാ കത്തനാർ)

മെഴുകുരൂപം എന്താണെന്നും അതിന്റെ പ്രയോജനമെന്തെന്നും സംക്ഷിപ്തമായി വിവരിക്കുകയാകുന്നു ഈ ലേഖനത്തിന്റെ ഉദ്ദേശം.

മെഴുകുരൂപം കാഴ്ചയിൽ വൃത്താകൃതിയിലുള്ളതും വെണ്മയുള്ളതുമായ പരന്ന ഒരു മെഴുകുകഷണമത്രെ. ഇതിനു സാധാരണ ഒരു വാച്ചിന്റെ വൃത്തമാണുള്ളത്. അണ്ഡാകൃതിയിലും ഇതു കാണാറുണ്ട്. മെഴുകുരൂപത്തിന്റെ ഒരു വശത്തു് ഒരു കുഞ്ഞാടിന്റെയും അതിനു മുകളിലായി ഒരു കുരിശിന്റെയും മറുവശത്തു് ചില പുണ്യാത്മാക്കളുടെയും പ്രതിമകളുണ്ട്. അതിൽ കാണുന്ന കുഞ്ഞാടിന്റെ പ്രതിമയെയാകുന്നു പ്രധാനമായി ഗണിക്കുന്നതും ഗണിക്കേണ്ടതും. കുഞ്ഞാടിന്റെ ഈ പ്രതിമ ദൈവകുഞ്ഞാടായ മിശിഹായെ സാദൃശ്യപ്പെടുത്തുന്നു. മെഴുകുരൂപത്തെ ലത്തീൻ ഭാഷയിൽ Agnus Dei (ദൈവത്തിന്റെ കുഞ്ഞാടു്) എന്നു വിളിക്കുന്നതിന്റെ കാരണം ഇതുതന്നെ. ഹനാൻവെള്ളം (വിശുദ്ധജലം) മൂറോൻ (വിശുദ്ധ തൈലം) മുതലായ വിശുദ്ധ വസ്തുക്കളും ഉപയോഗിച്ചാകുന്നു ഇതിനെ വെഞ്ചരിക്കുന്നതു്. ദീർഘമായ പ്രാർത്ഥനകളോടുകൂടിയതും, മാപ്പ്പ്പാമാർക്കു മാത്രം നടത്താവുന്നതും ചില വിശേഷാവസരങ്ങളിൽ മാത്രം നിർവഹിക്കപ്പെടേണ്ടതുമത്രേ ഇതിന്റെ വെഞ്ചരിപ്പുകർമ്മം.

ക്ഷുദ്രപ്രയോഗം വളരെ വർദ്ധിച്ചിരുന്ന ഒരു കാലത്താണു് മെഴുകുരൂപങ്ങൾ ഉത്ഭവിച്ചതു്. ക്ഷുദ്രപ്രയോഗികൾ മന്ത്രിച്ചുകൊടുക്കുന്ന കടലാസുകഷണങ്ങളും മറവും കുഴിയിൽ കെട്ടിത്തൂക്കുക വിഗ്രഹാരാധകരുടെ ഒരു പതിവായിരുന്നു. ഈ ക്ഷുദ്രകൃത്യത്തിനു ഒരു പ്രതിവിധിയായി എട്ടാംനൂറാണ്ടിനു മുൻപുതന്നെ സഭ പ്രചാരത്തിലാക്കിയതാണു്, വിശ്വാസികൾ മെഴുകുരൂപം കുഴിയിൽ ധരിക്കുക എന്ന കർത്തൃത്വം, തിരുശേഷിപ്പുകൾ വളരെ പ്രചാരത്തിലായതുകൊണ്ടാണെന്നു തോന്നുന്നു, മെഴുകുരൂപങ്ങളുടെ പ്രചാരം ഇപ്പോൾ കുറഞ്ഞു പോയിട്ടുണ്ടു്. എങ്കിലും അവയെക്കുറിച്ചു് നന്നായി അറിയാവുന്നവർ പലരും, തങ്ങൾക്കും അന്യർക്കും ആവശ്യപ്പെടുമ്പോൾ ഉപയോഗിക്കുന്നതിനായി അവയെ സൂക്ഷിച്ചുവയ്ക്കുന്നുണ്ടു്.

താഴെപ്പറയുന്നവയാകുന്നു മെഴുകുരൂപം ധരിക്കുന്നതിനുള്ള ചില പ്രത്യേകാവസരങ്ങൾ.

1) ദുഷ്ടാത്മാക്കളുടെ ഉപദ്രവം ഉണ്ടാകുമ്പോൾ.
2) ഭയങ്കരമായ ഇടി, മിന്നൽ, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, മുതലായവ ഉണ്ടാകുമ്പോൾ.
3) ശക്തിമത്തായ പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ.
4) ദുസ്സഹങ്ങളായ ദുഃഖാരിഷ്ടതകൾ അനുഭവപ്പെടുമ്പോൾ.
5) സ്ത്രീകളുടെ പ്രസവവേദന ശമിക്കുവാൻ
6) വെള്ളത്തിൽനിന്നും തീയിൽ നിന്നുമുള്ള അപകടങ്ങളിൽ നിന്നൊഴിയുവാൻ.
7) പകർച്ച വ്യാധികളിൽ നിന്ന രക്ഷ പ്രാപിക്കുവാൻ.

മെഴുകുരൂപം ധരിക്കുകമൂലം ഉണ്ടായിട്ടുള്ള അത്ഭുതസംഭവങ്ങൾ പലതാണ്. ഉദാഹരണത്തിനായി അവയിലൊന്ന് ഇവിടെ ചേർക്കുന്നു.

വിഗ്രഹാരാധകനായ ഒരു യുവാവിനെ പിശാചുക്കൾ ഉപദ്രവിക്കാൻ തുടങ്ങി. ദുഷ്ടാത്മാക്കളുടെ ശല്യത്തിൽ നിന്ന് അയാളെ വിമുക്തനാക്കുന്നതിനുവേണ്ടി അയാളുടെ ബന്ധുക്കൾ അയാളെ അനേകം ക്ഷേത്രങ്ങളിൽ കൊണ്ടുപോകയും വഴിപാടുകൾ ധാരാളമായി കഴിക്കയും ചെയ്തു. പക്ഷെ, പിശാചുക്കളുടെ ഉപദ്രവം ഒന്നിനൊന്നിനു വർദ്ധിച്ചതല്ലാതെ അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. പ്രസ്തുത യുവാവിന്റെ അയൽവാസിനിയായ ഒരു ക്രിസ്തീയ സ്ത്രീ അയാളുടെ ദയനീയസ്ഥിതിയെ കണ്ടു കനിഞ്ഞ് കൈവശമുണ്ടായിരുന്ന ഒരു മെഴുകുരൂപം അയാളുടെ കഴുത്തിൽകെട്ടുന്നതിനായി കൊടുത്തു. ആ വിശിഷ്ടവസ്തു ധരിച്ച ക്ഷണത്തിൽതന്നെ ആ യുവാവിനെ ബാധിച്ചിരുന്ന പിശാചുക്കൾ അലറിക്കൊണ്ട് അയാളിൽനിന്ന് ഓടിപ്പോവുകയത്രെ ചെയ്തത്.

ഉറച്ചവിശ്വാസത്തോടും ഭക്തിബഹുമാനങ്ങളോടുംകൂടെ മെഴുകുരൂപം ധരിക്കുന്നവർ മുകളിൽപ്പറഞ്ഞ ആപത്തുകളിൽനിന്ന രക്ഷപ്രാപിക്കാതെ വരുന്നതല്ല.

(മെഴുകുരൂപത്തെക്കുറിച്ചു അന്യഭാഷകളിൽകണ്ട ചിലകുറിപ്പുകളിൽനിന്ന് ആവശ്യമെന്നു തോന്നിയ ചിലഭാഗങ്ങൾ ശേഖരിച്ചു തയ്യാറാക്കിയതാണ് ഈലേഖനം. അതിനെക്കുറിച്ചു കൂടുതലായി അറിയാവുന്നവർ ആയതു പ്രസിദ്ധം ചെയ്യുകാണുവാൻ ആഗ്രഹിക്കുന്നു.)

സെൻറ് വിൻസെൻറ് ദിപോൾ.

(ഒ. സി. വറുഗീസ് എം. എ. എൽ. റ്റി.)

വിശുദ്ധ വിൻസെൻറ് ദിപോളിൻെറ പേർ പരസ്നേഹത്തിൻെറ ഒരു പര്യായം ആയിതീർന്നിട്ടുണ്ട്. എന്തെന്നാൽ അദ്ദേഹത്തിൻെറ ജീവിതത്തിൻെറയും, പഠനത്തിൻെറയും ചൈതന്യം എല്ലായിടത്തും നമുക്ക് ദൃശ്യമാകുന്നു. ദുർഗന്ധം വമിക്കുന്നതും, ദാരിദ്ര്യം നടമാടുന്നതുമായ ചെറുകുടിലുകളിലും, വ്യാപാരത്തിരക്കു വർദ്ധിച്ചിട്ടുള്ള വലിയ പട്ടണങ്ങളിലും ജനനിബിഡമായ മറവു കേന്ദ്രങ്ങളിലും അദ്ദേഹത്തിൻെറ ആദർശം സ്വീകരിച്ചിട്ടുള്ള മഹാത്മാക്കൾ അഷ്ടിക്കില്ലാത്തവർക്ക് ആഹാരവും, ക്ലേശമനുഭവിച്ചുഴലുന്നവർക്ക് ആശ്വാസവും നൽകി വരുന്നതായി കാണുന്നു. ആശുപത്രികളിലും, പണിപ്പുരകളിലും, ധർമ്മശാലകളിലുമുള്ള ദുഃഖിതരേയും അരിഷ്ടിതയുള്ളവരേയും, അനാഥരേയും ഇവർ സമാശ്വസിപ്പിക്കുന്നു. എല്ലാറ്റിനും ഉപരിയായി പ്രാണാഗ്നി അണയുന്നതിന് അലയുകയും, ശരീരത്തിൽനിന്നു് വേർപിരിയാറായിരിക്കുന്ന ആത്മാവു് ഉടനെ അവസാനിക്കുന്ന ജീവിതകാലത്തിനും ആരംഭിക്കാനിരിക്കുന്ന നിത്യതക്കും മദ്ധ്യേ ഭയപ്പെട്ടു് വിറക്കുകയും ചെയ്യുന്ന ആ ഭയങ്കരമായ അന്ത്യനാഴികകളിൽ അവരുടെ സഹായവും, തുണയും നൽകപ്പെടുന്നു. പാപ്പിടമില്ലാത്ത വിധവകളും, നിരാശ്രയരായ കുട്ടംബങ്ങളും, മാതാപിതാക്കന്മാർ ഇല്ലാത്ത കുഞ്ഞുങ്ങളും, ലോകം മുഴവനും ഇന്നു് വിശുദ്ധ വിൻസെൻറിൻെറ പേരിനോടുകൂടി സംഘടിപ്പിച്ചിട്ടുള്ള പരോപകാര പ്രവൃത്തിയിൽ രക്ഷ കണ്ടെത്തുന്നു.

വിശുദ്ധൻെറ ജനനം 1576-ാമാണ്ടു ഫ്രാൻസുരാജ്യത്തിൻെറ തെക്കുപടിഞ്ഞാറുഭാഗത്തുള്ള ബഴ്സ്സാസു് എന്നറിയപ്പെടുന്ന ഒരു ചെറിയ ഗ്രാമത്തിൽ ആയിരുന്നു. വില്യം, ബെർട്രാണ്ടാ എന്നു മാതാപിതാക്കന്മാർ അവരുടെ സ്വന്തം കൃഷിസ്ഥലത്തു താമസിച്ചു വിൻസെൻറുംപ്പടെയുണ്ടായിരുന്ന അവരുടെ നാലു പുത്രന്മാരെയും മൂന്നു പുത്രിമാരെയും കൃഷിപ്പണികളിൽ തഴക്കി വളത്തിയിരുന്നു. എന്നാൽ മൂന്നാമത്തെ പുത്രനായിരുന്ന വിൻസൻറ് ക്രൂടുതൽ ബുദ്ധിശക്തിയും വിവേകവുമുള്ളവനായിരുന്നതിനാൽ നന്നാ ശിശുപ്രായം മുതൽതന്നെ തൻെറ പ്രായത്തിനു അതീതമായ ഗൗരവവും പ്രതിപത്തിയും പ്രാർത്ഥനയിൽ കാണിച്ചിരുന്നു. തൻെറ പിതാവിൻെറ കന്നുകാലികളെ മേയ്ക്കുന്നതിന് വയലുകളിൽ ചിലവഴിച്ചിരുന്ന സമയത്തിൽ ഏറിയപങ്കും അദ്ദേഹം

ആദ്ധ്യാത്മികചിന്തകളിൽ ഏർപ്പെട്ടിരുന്നു. തന്റെ ആവശ്യത്തിനു മാത്രമാവു കൊടുത്തയിച്ചിരുന്ന സ്വല്പമായ ആഹാരത്തിൽ ഒരംശം പല പ്പോഴും ഗോപ്യമായി, തന്നെക്കാൾ സാധുക്കളായ കുഞ്ഞുങ്ങൾക്ക് ആ ബാലൻ കൊടുത്തിരുന്നു. ഒരു വൃക്ഷത്തിന്റെ പൊത്തിൽ പരിശു ദ്ധകന്യാസ്ത്രീമറിയത്തിന്റെ നാമത്തിൽ അദ്ദേഹംതന്നെ നിർമ്മിച്ചപീ ഠത്തിന്റെ മുമ്പാകെ പ്രാർത്ഥിക്കുന്നതിനു താൻ വിളിച്ചുകൂട്ടിയിരുന്ന സ്നേഹിതന്മാരിൽ കീറിപ്പറിഞ്ഞതും മുഷിഞ്ഞതും അയവസ്ത്രം ധരിച്ചിരുന്ന വർക്കുതന്റെ വസ്ത്രത്തിന്റെ ഒരുഭാഗം കീറി കൊടുത്തിരുന്നു. ഇപ്രകാ രമുള്ള പ്രവൃത്തികളെഉദ്ദീപിപ്പിച്ച ആഔദാര്യം, അദ്ദേഹത്തിന്റെ പേരി ന് പിൽകാലങ്ങളിൽശാശ്വതകീർത്തിയുണ്ടാക്കിത്തീർത്ത ആ ആഴമേറിയ ധർമ്മപ്രവൃത്തികളുടെ മുന്നോടിയായിതീർന്നു.

തന്റെ കുട്ടിയുടെ അസാധാരണ സ്വഭാവിശേഷവും ദൈവഭക്തി യും, ബുദ്ധിശക്തിയും മനസ്സിലാക്കിയിരുന്ന പിതാവ്, വിൻസന്റി ന് സമുദായത്തിൽ,തനിക്കുണ്ടായിരുന്നതിൽ കൂടുതൽ ഔന്നത്യം ഉണ്ടാ കേണമെന്ന് അഭിലഷിച്ചിരുന്നു. അതിനാൽ അടുത്തകാലത്തു സ്ഥാ പിതമായിരുന്ന ഫ്രാൻസീസ്കൻസ് സഭക്കാരുടെ ആശ്രമത്തിൽ കുട്ടിയെ ചേർത്തു പഠിപ്പിച്ചു. വിൻസന്റിനു 12 വയസ്സുപ്രായം മാത്രമെ അ വനുണ്ടായിരുന്നൊള്ളു എങ്കിലും നാലുവർഷത്തിനിടയിൽ അയാൾ ശാ സ്ത്രത്തിലും, സാഹിത്യത്തിലും അസാധാരണ വ്യുല്പത്തി സമ്പാദിക്കയും പരീക്ഷ ബഹുമതിയോടുകൂടി ജയിക്കയും ചെയ്തു. ഇക്കാലത്തായിരു ന്നു അയാൾക്കു ദൈവവിളിയുണ്ടാകയും, വൈദികവൃത്തിക്കു അയാൾ ഒരു അർത്ഥിയാകയും ചെയ്തത്. പഠനച്ചിലവുകൾ വഹിക്കുന്നതിന് പിതാവിനു പ്രയാസം നേരിടുകയാൽ അദ്ദേഹത്തിന്റെ കാളകളിൽ ര ണ്ടെണ്ണത്തിനെക്രൂടെ വില്ക്കേണ്ടതായി വന്നു. 1598 ഡിസംബർ മാ സത്തിൽ അദ്ദേഹം ഗുരുപ്പട്ടമേറ്റപ്പോൾ അദ്ദേഹത്തിനെപ്രധാനമായി പീഡിപ്പിച്ചിരുന്നതു്, ആ സുദിനം കാണുന്നതിന് അതിയായി ആഗ ഹിക്കയും എന്നാൽ കുറെമാസങ്ങൾക്കുമുമ്പ് മരിച്ചുപോകയും ചെയ്ത തന്റെ പിതാവിനെപ്പറ്റിയുള്ള ഓർമ്മയായിരുന്നു.

കൂർബാനപ്പട്ടം ഏറ്റശേഷം പഠനം പൂർത്തിയാക്കുന്നതിനു കുറെ നാൾ ടൂളൂസിൽതന്നെ കുട്ടികളെ പഠിപ്പിച്ചു താമസിച്ചു.1605-ൽ ഒരാൾ തന്നിക്കു നൽകിയ സ്വത്തിനായി മാർഷേയിൽസിലെന്ന കടൽമാർഗ്ഗം തിരിച്ചു പോയപ്പോൾ തുർക്കികടൽകള്ളന്മാർ അദ്ദേഹത്തെ ബന്ധന സ്ഥനാക്കി ടുണിസിയിൽ കൊണ്ടുപോയി അടിമയായി വിറ്റു.

ഫ്രാൻസിൽ മടങ്ങിച്ചെന്നു അവഞ്ഞോണിൽഎത്തി മാപ്പപ്പായു ടെ പ്രതിനിധിയെകണ്ടു അദ്ദേഹത്തോടുകൂടി ഉപരിപഠനത്തിനായി

റോമ്മായിലേക്കുപോയി. 1609-ൽ അദ്ദേഹത്തെ പ്രാധാന്യമേറിയ ഒരു രഹസ്യകാര്യത്തിനായി മാർഗ്ഗരീത്താ രാജ്ഞിയുടെ ദാനധർമ്മകാര്യസ്ഥനായി നിയമിക്കപ്പെട്ടകയും ഷോമായിലെഒരു പെറിയപള്ളിയുടെ ഭരണം കൈയേൽക്കുകയും ചെയ്തു. പ്രാർത്ഥനാഗാരം എന്നാസഖ്യതയുടെ സ്ഥാപകനായ മോൺ. ബെവല്ലയുടെ അപേക്ഷാനുസരണം ക്ലാച്ചി ഇടവകയുടെ ഭരണം കയ്യേൽക്കുകയും, കുറേമാസങ്ങൾക്കുശേഷം ഫിലിപ്പി ഇമ്മാനുവേൽ ഗോജിയുടെ മക്കളുടെ സംസ്ക്കാരപരമായ വളർത്തലിൽ മേൽനോട്ടം വഹിക്കുന്നതിനു് ഗോജി കുടുംബത്തിൻെറ കീഴിൽ ജോലിസ്വീകരിക്കുകയുംചെയ്തു. ഇതിനിടയ്ക്കു് കുറെക്കാലം, കീത്തിയെയെന്നു്, പാരീസുപട്ടണത്തിൽനിന്നു ദൂരെ ഒരുചെറിയ പള്ളിയുടെ അധികാരിയായി പോകുകയും അവിടെവച്ചു് വളരെപ്പോട്ടസ്റ്റാൻറുകാരെയുംമറ്റുംമാനസാന്തരപ്പെടുത്തുകയും ഉപവിയുടെ കന്യാസ്ത്രീകളുടെസംഘടനആരംഭിക്കയുംചെയ്തു. 1618നും 1624 നും ഇടയ്ക്കു അദ്ദേഹത്തെ നിർബന്ധിച്ചു വീണ്ടും ഗോജിമാടമ്പിയുടെ കൊട്ടാരത്തിൽ താമസിപ്പിച്ചു. അവിടത്തെ കുടുംബനായികയുടെ ആദ്ധ്യാത്മികോപദേഷ്ടാവായിരുന്നതിനിടയ്ക്കു് അവരുടെ സഹായത്തോടുകൂടി അവരുടെ ഭരണത്തിനധീനമായിരുന്നദേശങ്ങളിൽ താമസിച്ചിരുന്ന കൃഷീവലന്മാരെ ഉദ്ദേശിച്ചു, ഒരു മതപ്രസംഗപരമ്പര ആരംഭിച്ചു. അതിനായി തീക്ഷ്ണതയും, ത്യാഗസന്നദ്ധതയുമുള്ള പുരോഹിതന്മാരെ തിരഞ്ഞെടുക്കുകയും, മാതൃകയാലും പരിശീലനത്താലും അവരെ തയാറാക്കുകയും ചെയ്തു. ഇതോടുകൂടി വൈദികപഠനത്തിന് ഒരു സിമ്മനാരിസ്ഥാപിക്കയും, വൈദികാർത്ഥികൾക്കുധ്യാനവും, ഭക്തിയുള്ള പട്ടക്കാരെ ഉദ്ദേശിച്ചു മൊവ്വാഴ്ചതോറും കോൺഫറൻസുകളും, അൽമേനികർക്കു ധ്യാനപ്രസംഗങ്ങളും ഏർപ്പെടുത്തുകയും ചെയ്തു. തെരുവീഥികളിൽ അലയുന്ന അനാഥകുഞ്ഞുങ്ങളെ പ്രത്യേക ആലയങ്ങളിൽ ആക്കിച്ചികിൽസിപ്പിക്കുകയും, വളർത്തുകയും വിദ്യ അഭ്യസിപ്പിക്കയുംചെയ്യുന്നതിൽ "ഉപവിയുടെകന്യാസ്ത്രീകളെ" സഹായിക്കുക, രാജാക്കന്മാരുടെയും പ്രഭുക്കളുടേയും സഹായസഹകരണങ്ങൾ അവക്കു സമ്പാദിച്ചുകൊടുക്കുക, മുതലായ സംരംഭങ്ങളിൽ അദ്ദേഹം ഏർപ്പെട്ടുകൊണ്ടിരുന്നു. ആയുഷ്കാലം മുഴുവനും ഇങ്ങനെപലതരം സൽപ്രവൃത്തികൾചെയ്തശേഷം അദ്ദേഹം 1660-ൽ മരിച്ചു. ലോകത്തിനു് അദ്ദേഹം നഷ്ടപ്പെട്ട എങ്കിലും അദ്ദേഹത്തിൻെറ സ്ഥാപനങ്ങൾഉള്ളകാലത്തോളം അദ്ദേഹം ജീവിച്ചുകൊണ്ടുതന്നെയിരിക്കുന്നു. മരണാനന്തരം ഒരുനൂറു കൊല്ലങ്ങൾ കഴിയുന്നതിനുമുമ്പു് അദ്ദേഹം "വിശുദ്ധൻ" എന്നനാമ

കരണം ചെയ്യപ്പെട്ടു. ഇനി വിശുദ്ധന്റെ ജീവിതത്തിലെ ചിലസംഭവങ്ങളെ ഇവിടെരേഖപ്പെടുത്തണമെന്നുദ്ദേശിക്കുന്നു.

1605ൽ മാർഷേയിത്സിൽനിന്നു ട്ടുളൂസിലേക്കു കപ്പലിൽ യാത്രചെയ്തിരുന്നപ്പോൾ വിൻസൻഡിനെ കപ്പൽകള്ളന്മാർ തടവുകാരനാക്കിപിടിച്ചു ചങ്ങലഇട്ടബന്ധിച്ചു ബാർബറിയിലെ അടിമച്ചന്തയിൽ വിൽക്കുന്നതിനുകൊണ്ടുചെന്നുനിർത്തുകയും അവിടെ ക്രൂരിയിരുന്ന കച്ചവടക്കാർ അദ്ദേഹത്തെ തിരിച്ചും മറിച്ചും പരിശോധിക്കുകയും ഒടുവിൽ ഒരുകച്ചവടക്കാരൻ അദ്ദേഹത്തെ വിലയ്ക്കുവാങ്ങുകയുംചെയ്തു. അയാൾ ക്രിസ്തുമതം ഉപേക്ഷിച്ചിരുന്ന ഒരാളായിരുന്നു. അയാൾക്കു അപ്പോൾ മൂന്നുഭാര്യമാർ ഉണ്ടായിരുന്നു. അതിൽ ഒരുത്തി ഒരുതുർക്കിസ്ത്രീ ആയിരുന്നു. വിൻസൻഡിന്റെ ഭക്തിദ്യോതകമായ നടത്തയും മുഖലക്ഷണവുംകണ്ടു് അവൾ അദ്ദേഹത്തോടു അദ്ദേഹത്തിന്റെ മതത്തെപ്പറ്റി പലതോദ്യങ്ങളും ചോദിക്കയും അദ്ദേഹത്തെ ഉത്സാഹിപ്പിച്ചു ഭക്തികീർത്തനങ്ങളും പാടിക്കയും ചെയ്തിരുന്നു. അത്രപൂജ്യതയുള്ളതും, ഭക്തിജനകവുമായമതത്തെവിട്ടു പോയതിൽ ഭർത്താവിനെ പലപ്പോഴും അവൾ കുറ്റപ്പെടുത്തിയിരുന്നു. അവളുടെ ഉദ്യമം ഫലവത്തായിതീർന്നു. ഒരിക്കൽ യജമാനനും വിൻസൻറും ചെറിയതോന്നികടൽകടന്നു് ഫ്റാൻസിൽ അവിഞ്ഞോണിൽ ചെല്ലുകയും മതദ്വേഷിഅവിടെവച്ചു് മാനസാന്തരപ്പെടുകയുമുണ്ടായി.

ഒരിക്കൽ വിൻസൻറ് തുറമുഖത്തിനടുത്തുകൂടെ കടന്നുപോയപ്പോൾ ഒരു പാവപ്പെട്ടവൃദ്ധസ്ത്രീ വാവിട്ട നിലവിളിച്ചുംകൊണ്ടു് നിൽക്കുന്നതുകണ്ടു് അടുത്തുചെന്നുചോദിച്ചപ്പോൾ അവളുടെ പുത്രനെ അടുത്തകാലത്തു ചിലകുറ്റങ്ങൾക്കുശിക്ഷിച്ചു് കപ്പലിൽപണിഎടുപ്പിക്കുന്നതിനു് കൊണ്ടുപോയിരിക്കുന്നു എന്നുള്ള ദുഃഖവാർത്തയായിരുന്നു അദ്ദേഹം കേട്ടതു്. ഉടനെതന്നെ വിൻസൻറ് ആ കപ്പലിൽപോയി അവിടത്തെ സ്ഥിതിഗതികളും മനസ്സിലാക്കി. അവിടെ ആ അടിമ നിരാശാകുലനായി ഒരുചങ്ങലകൊണ്ടു ബന്ധിക്കപ്പെട്ടുകിടക്കുന്നതായി കണ്ടു. അയാളുടെ കഥ കുറെക്കൂടെദാരുണമായിരുന്നു; എന്തെന്നാൽ അയാളുടെ പിഞ്ചുകുഞ്ഞുങ്ങളും ഭാര്യയും നിസ്സഹായരായി കഴിച്ചുകൂട്ടേണ്ടതായി വന്നിരിക്കുന്നുഎന്നും അദ്ദേഹംധരിച്ചു വിൻസൻറിനു് കരച്ചിൽ അടക്കാൻവഹിയാതെയായി. അമാനുഷികശക്തി ഉപയോഗിച്ചു് അദ്ദേഹം ആ കുറ്റവാളിയുടെ കയ്യിൽനിന്നും ചങ്ങലഊരി തന്റെ കയ്യിൽ ബന്ധിച്ചു് അവനെഅവിടെനിന്നു് പറഞ്ഞയച്ചു. അവന്റെ സ്ഥാനത്തു് ഇരുപ്പുറപ്പിച്ചു. ഹാജർവിളിച്ചപ്പോൾ തടവുകാരുടെഎണ്ണം ശരിമുട്ടിരുന്നതുകൊണ്ടു് വിൻസൻറിനെ ആരും കണ്ടുപിടിച്ചി

ല്ല. കുറേകഴിഞ്ഞപ്പോൾ കാണാതെപോയ പുരോഹിതനെ തടവുകാരുടെ ഇടയിൽകപ്പലിൽവച്ചു കണ്ടപ്പോഴാണ് വിവരം എല്ലാവരും മനസ്സിലാക്കിയത്. ഈപ്രവൃത്തി രാജ്യംമുഴുവനും സംസാരവിഷയമാകയും സങ്കടങ്ങൾ അനുഭവിക്കുന്നവരെ രക്ഷിക്കുന്നതിന് അദ്ദേഹം ചെയ്തുകൊണ്ടിരുന്ന വീരകൃത്യങ്ങൾക്കു ഇതു ഒരുതെളിവാകയുംചെയ്തു.

"ഉപവിയുടെ കന്യാസ്ത്രീസമൂഹ"ത്തെ അദ്ദേഹംരൂപവൽക്കരിച്ചപ്പോൾ പണംഇല്ലായ്മയെയും, തക്കയോഗൃതയുള്ളസ്ത്രീകളുടെ അഭാവത്തെയും ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹത്തെ ഉദ്യമത്തിൽനിന്ന് പിൻവാങ്ങിപ്പിക്കുന്നതിന് ചിലർ ശ്രമിച്ചു എങ്കിലും അദ്ദേഹംഈശ്വരവിശ്വാസത്തോടെ മുമ്പോട്ടുപോയി. പാരീസു പട്ടണത്തിലുള്ള അഗതികളായ കുഞ്ഞുങ്ങളെ കൂട്ടിച്ചേർത്തു ഒരു ആലയത്തിൽ താമസിപ്പിക്കുന്നതിന് ശ്രമിച്ചപ്പോൾ ദൈവത്തിലുള്ള ശരണം ഒന്നു മാത്രമാണ് അദ്ദേഹത്തെ മുമ്പോട്ട കൊണ്ടുപോയതു്. ഗോജിക്കുടുംബത്തിലെ കുട്ടികളുടെ ശിക്ഷണത്തിൽ ജാഗരൂകനായിരുന്ന കാലത്തു സധൈര്യം അവരുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കയും പിതാവിൻെറ അലസതയെപ്പറ്റി അദ്ദേഹത്തെ ധരിപ്പിക്കയും ചെയ്തു. ക്ലാച്ചിയിലെ വികാരിയായിരുന്നപ്പോൾ ധർമ്മ പ്രവൃത്തികൾക്കായും ഇടവക ജോലികൾക്കായും അദ്ദേഹം സമയം മുഴുവൻ ചിലവഴിച്ചതിനാൽ ദേഹാസ്വാസ്ഥ്യം നേരിട്ടമരിക്കാറായിപ്പോയി. പാരീസിൻെറ പരിസരങ്ങളിൽ താമസിച്ചിരുന്ന ഒരു പ്രൊട്ടസ്റ്റണ്ടു മാടമ്പി അദ്ദേഹം ആ വഴി ചെന്നു പ്രസംഗിക്കുകയാണെങ്കിൽ വധിച്ചുകളയുമെന്ന് ഭീഷണിപ്പെടുത്തിയിട്ടു, അതു വകവയ്ക്കാതെ അവിടെ ചെല്ലുകയും മതപ്രസംഗത്താലും സൽസ്വഭാവത്താലും അയാളെ മാനസാന്തരപ്പെടുത്തി നല്ല കത്തോലിക്കനാക്കുകയും ഉണ്ടായി. ഷാറാലിയൻ എന്ന സ്ഥലത്തുവച്ചു് അദ്ദേഹം ആരംഭിച്ച നന്മ പ്രവൃത്തിയാണ് അദ്ദേഹത്തിൻെറ പേരിനെ സാധാരണക്കാരുടെ ഓമ്മയിൽ കൊണ്ടുവരുന്നതു്. അവിടെ ഒരു ഞായറാഴ്ചകാലത്തു് അദ്ദേഹം ബലി അർപ്പിക്കുന്നതിന് പോകുമ്പോൾ ഒരു ഭക്തിയുള്ള കിഴവി അദ്ദേഹത്തെ കണ്ടു്, പട്ടണത്തിന് വെളിയിൽ താമസിച്ചുകൊണ്ടിരുന്ന ഒരു സാധുകുടുംബത്തിൻെറ ദരിദ്രാവസ്ഥയെപ്പറ്റി വിശ്വാസികളെ ഓർപ്പിക്കേണമെന്ന് അപേക്ഷിച്ചു. അദ്ദേഹം സസന്തോഷം അതു സമ്മതിക്കയും, അദ്ദേഹത്തിൻെറ അഭ്യർത്ഥന അംഗീകരിച്ച ഫലം ഉണ്ടാക്കുകയുംചെയ്തു. ആ ദരിദ്രരുടെ ചെറുപ്പുരയിൽഅന്നന്നാനാഭാഗത്തുനിന്ന് അനവധി സാമാനങ്ങൾ വന്നു ചേരുന്നതിന് ഇടയായി. അന്നു വൈകിട്ട്, വിൻസൻറ് തന്നെ അവിടെ ചെന്നു. അവരുടെ അരോചകവും ദയനീയവുമായ അവസ്ഥ അദ്ദേഹത്തെ സങ്കടപ്പെടുത്തി. എ

ന്നാൽ ചുറ്റിനും നോക്കിയപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗം ഫലിച്ചു എന്നും വേണ്ടതിൽ കൂടുതൽ സാധനങ്ങൾ അവർക്ക് കിട്ടിയിട്ടുണ്ടെന്നും മനസ്സിലായി. ദൈവത്തെ സ്തുതിച്ചു് അദ്ദേഹം മടങ്ങിപ്പോന്നു. വഴിമദ്ധ്യേ അദ്ദേഹത്തിനുണ്ടായ വിചാരം ഈ സംഭവം ക്രിസ്തീയ പരസ്നേഹത്തിന്റെ ഒരു പ്രകാശമാണെന്നായിരുന്നു. എന്നാൽ തൽക്കാലാവശ്യത്തിനു വേണ്ടതിൽ കൂടുതൽ സാമാനങ്ങളും അവിടെ കണ്ടതുകൊണ്ടു് ധർമ്മ പ്രവൃത്തികളും നിയന്ത്രിക്കപ്പെടണമെന്നു് അദ്ദേഹം നിശ്ചയിക്കയും അതിനു ചില ചട്ടങ്ങളും എഴുതിയുണ്ടാക്കുകയും ചെയ്തു. ഈ ചട്ടങ്ങളാണു് വിൻസൻറ് ദി പോൾ സംഘത്തിന്റെ പ്രഥമനിയമാവലി. ഇങ്ങനെയാണു് സെൻറ് വിൻസൻറ് ദി പോൾ സംഘത്തിന്റെ ഉത്ഭവം.

ചങ്ങനാശേരി ഭദ്രാസനപ്പള്ളിയിൽ സ്ഥാപിതമായിട്ടുള്ള സെൻറ് വിൻസൻറ് ദി പോൾ സഭ്യം കോൺഫ്റൻസിന്റെ ഒരു അസാധാരണയോഗത്തിൽ വായിച്ചതു.

പള്ളിമെഴുകുതിരികൾ.

"ഏറെലാഭം പെരുംചേതം"

ശുദ്ധീകരിഞ്ഞ മെഴുകുതിരികൾ അംഗീകാരയിൽ കത്തിക്കപ്പെടുമ്പോൾ ഈ യാഥാർത്ഥ്യം വെളിവാകുന്നു. നല്ലതേൻമെഴുകിൽ ഭംഗിയായി വാക്കപ്പെടുന്ന എല്ലാഇനം തിരികളും താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

വി. എം. തൊമ്മൻ, വട്ടപ്പറമ്പിൽ
ആർപ്പൂക്കര, A.O. കൈപ്പുഴ

പരസ്യം

അരുളിക്കാ, കാസാ, കുസ്തോദി, മുതലായവ വിലയ്ക്കുവില്പപ്പെടുന്നു. ഇവയെ ഇംഗ്ലീഷ് ബാററിയുടെ സഹായത്താൽ സ്വർണ്ണത്തിലും വെള്ളിയിലും പൂശിക്കൊടുക്കുന്നതിനും പുതിയ മുദ്രകുടകൾ വിലയ്ക്കുകൊടുക്കുന്നതിനും എപ്പോഴും തയ്യാറുണ്ട്.

പി. ഏ. വാവണ്ണി, അങ്ങാടി, പലാ.

മിഷ്യൻരംഗത്തിലെ
എന്റെ പ്രഥമാനുഭവങ്ങൾ.

A. S. S. M.

മാന്യവായനക്കാരെ,

കേരളീയകത്തോലിക്കരിൽനിന്ന്, വിശിഷ്യാ, ചങ്ങനാശേരി രൂപതയിൽനിന്ന്, പല യവതീയുവാക്കളും മിഷ്യൻജോലിക്കായി ഇതഃപര്യന്തം പോയിട്ടുണ്ടല്ലോ. ആ കൂട്ടത്തിൽ "നാഗപ്പൂർ" (ഹൈദരാബാദ്) രൂപതയിൽ വന്നിട്ടുള്ള ഒരു നവവൈദികനാണ് ഞാൻ. എന്റെ മിഷ്യൻരംഗത്തെപ്പറ്റി ഒരു ലേഖനപരമ്പര "മദ്ധ്യസ്ഥൻ" മാസികയിൽ സമാരംഭിക്കുന്നതു കേരളീയകത്തോലിക്കർക്ക് അഭിമാനകരവും, കർത്താവിന്റെ മുന്തിരിത്തോപ്പിലെ ജോലിക്കാരായ ഞങ്ങളുടെ വിജയത്തിനുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുന്നതിനു പ്രേരകവുമായിരിക്കുമല്ലോ.

കഴിഞ്ഞ മാർച്ചുമാസാവസാനത്തോടടുക്കുടിയാണ് ഞാൻ ഇവിടെ വന്നുചേർന്നത്. കഴിഞ്ഞ നാലു മാസത്തോളം ഇവിടത്തെ ദേശഭാഷയായ 'മറാട്ടി' പഠിക്കുന്നതിനു ഞാൻ വിനിയോഗിച്ചിരുന്നു. പരമകാരുണികനായ സർവ്വേശ്വരന്റെ സഹായത്താലും അനുഗ്രഹംകൊണ്ടും 'മറാട്ടി'യിൽ സാമാന്യപരിജ്ഞാനം എനിക്കു സിദ്ധിക്കുകയും കഴിഞ്ഞ മാസാരംഭംമുതൽ പ്രേഷിതജോലി സമാരംഭിക്കയുംചെയ്തു.

ഈ മിഷ്യൻരംഗത്തിലെ പ്രേഷിതജോലിയേക്കുറിച്ചു വായനക്കാർക്ക് ഏതാണ്ടൊരു ജ്ഞാനം സിദ്ധിക്കുന്നതിനു ഇദ്ദേശവാസികളുടെ ജീവിതരീതിയേപ്പറ്റി അല്പം പ്രസ്താവിക്കുന്നതു അസംഗതമായിരിക്കയില്ലല്ലോ.

ഇവിടെയുള്ള ജനങ്ങൾ പല ഗ്രാമങ്ങളിൽ കൂട്ടംകൂട്ടമായി നിവസിക്കുന്നു. ഗ്രാമാന്തർഭാഗം "ബ്രാഹ്മണർ" "കുൺബികൾ" ആദിയായ ഉൽകൃഷ്ടജാതിക്കാരുടെ വാസഭൂമിയാണ്. "മഹാർ" മുതലായ അധഃകൃതജാതിക്കാർ ഗ്രാമത്തിനു പുറത്താണ് നിവസിക്കുന്നതു്. ഈ മിഷ്യനിൽ ഉള്ള കത്തോലിക്കരെക്രിസ്തുവരിൽ ഭൂരിപക്ഷവും ഈ മഹാർ ജാതിയിൽ ഉൾപ്പെട്ടവരാണ്. ഇവരുടെ ഭവനങ്ങൾ പ്രായേണ മരക്കൊമ്പുകൾ, കളിമൺ ആദിയായവകൊണ്ടു നിർമ്മിക്കപ്പെട്ടവയാണ്. ദിവ്യപൂജ അർപ്പിക്കുന്നതിനും മറ്റു കർമ്മാദികൾക്കുമുള്ള ചാപ്പലും ഇതുപോലെതന്നെ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. താഴ്ന്നജാതിക്കാരും അപ

രിഷ്ഠതരും കേവലം നിർഭാഗ്യരുമായ 'മഹാർ' 'മാങ്ങ്' മുതലായ ജാതിക്കാർ ബ്രാഹ്മണർ, കുൺബികൾ തുടങ്ങിയ സവർണ്ണരുടെ പറമ്പുകളിലും വയലുകളിലും ക്രൂരവേലചെയ്യ ഉപജീവിച്ചുവരുന്നു. ഗോതമ്പ്, ചോളം, ബാജിര മുതലായ ധാന്യങ്ങളാണ് ഇവിടത്തെ പ്രധാനോല്പന്നങ്ങൾ. സ്ത്രീകൾക്കു പ്രായേണ ഗൃഹജോലിക്കു പുറമേ പാടങ്ങളിൽ പിടിപ്പുതു ജോലിയുണ്ട്. അവരുടെ പുറത്തു ഒരു മേൽമുണ്ട് വിടാത്തിക്കെട്ടി അതിനകത്തു തങ്ങളുടെ പിഞ്ചുപൈതങ്ങളെ ഇട്ടുകൊണ്ടു ജോലിചെയ്യുന്നതു കണ്ടാൽ ആർക്കും അനുകമ്പ തോന്നും.

ഈ മിഷ്യന്റെ തലസ്ഥാനം "ഗോഗർഗാവ്" എന്ന ഗ്രാമത്തിലാണ്. ഇവിടെ സാമാന്യം വലിയ ഒരു പള്ളിയും, പള്ളിമേടയും 'മറാട്ടി' ഏഴു ക്ലാസ്സുവരെയുള്ള ഒരു സ്കൂളും ഉണ്ട്. ഈ ഗ്രാമത്തിനു ചുറ്റും ഇരുപത്തിയഞ്ചു മൈലിനകമായി ഉദ്ദേശം എഴുപതു ഗ്രാമങ്ങളും ഉണ്ട്. മിക്ക ഗ്രാമങ്ങളിലും വേദപാഠം പഠിപ്പിക്കുന്നതിനും പ്രാർത്ഥന നടത്തിക്കുന്നതിനും ഉപദേശികളെ നിയമിച്ചിട്ടുണ്ട്. ഇവിടെനിന്ന് (ഗോഗർഗാവ്) മിഷ്യനറിമാർ പോയി പ്രസ്തുത ഗ്രാമങ്ങളിലെ വേദപാഠക്ലാസ്സുകളും, ഉപദേശികളുടെ ജോലികളും പരിശോധിക്കണം. മഴവെള്ളത്തിന്റെ ഒലിപ്പുകൊണ്ടും, മനുഷ്യസഞ്ചാരംകൊണ്ടും പ്രകൃത്യാ ഉണ്ടായിട്ടുള്ള ഇടവഴികളിൽക്കൂടിവേണം ഓരോ ഗ്രാമങ്ങളിലേക്കും പോകാൻ. മഴക്കാലത്തു കാളവണ്ടിയിലും മഴയില്ലാത്തപ്പോൾ കുതിരവണ്ടിയിലും ഈ ഇടവഴികളിൽ ചിലതിൽ സഞ്ചാരസൗകര്യമുണ്ട്.

ഇവിടെനിന്നു ഗ്രാമസന്ദർശനാർത്ഥം ഞങ്ങൾ പുറപ്പെട്ടാൽ ആറും ഏഴും ദിവസങ്ങൾ കഴിഞ്ഞാണ് മടങ്ങിവരുന്നതു്. ഇതിനകം, ആവശ്യമുള്ള സാധനങ്ങൾ പെട്ടികളിൽ അടക്കംചെയ്തു കൊണ്ടുപോകുകപതിവാണ്. ഇതിൽ മുഖ്യം കുർബാനപ്പെട്ടിയാണ്. ഈ പെട്ടി അത്യാവശ്യമുപകരിക്കത്തക്കവിധം പണിയപ്പെട്ടിരിക്കുന്നു. ഇതിൽ, കാസാ, പീലാസാ, കുർബാനക്കുപ്പായങ്ങൾ മുതലായി വി. പൂജയ്ക്കാവശ്യമുള്ള സകല സാമഗ്രികളുമുണ്ട്. ക്രൂശാതെ മാമ്മോദീസാപ്പെട്ടി, ഭക്ഷണപ്പെട്ടി—ഇതിൽ, ഗോതമ്പുമാവ്, കാപ്പിപ്പൊടി, തേയിലപ്പൊടി, മുതലായ വയാണ്—സ്വന്ത സാമാനപ്പെട്ടി, ഒരു ചെറുകട്ടിൽ, മെത്ത മുതലായതും കൊണ്ടുപോകും.

ഞങ്ങൾ ആദ്യം പുറപ്പെട്ടതു കുതിരവണ്ടിയിൽ തന്നെയായിരുന്നു. അപരിചിതനായ എന്നെക്കൂടാതെ ഒരു പ്രധാന ഉപദേശിയും കൂടെ ഉണ്ടായിരുന്നു. വണ്ടി രണ്ടു കുതിരകളെ പൂട്ടിയതായിരുന്നതിനാൽ യാത്ര ആദ്യം ദ്രുതഗതിയിലായിരുന്നു. വഴിയുടെ ദുർഘടതനിമിത്തം ചിലപ്പോൾ ഇടിവെട്ടുപോലെയുള്ള ഭയങ്കരശബ്ദവും, വണ്ടിയിൽനിന്നു

തെറിച്ചുപോകത്തക്കവിധമുള്ള കുലുക്കവും ഉണ്ടാകും. വണ്ടിയിൽ കൈ മുറുക്കിപ്പിടിച്ചില്ലെങ്കിൽ തെറിച്ചു നിലംപതിക്കുന്നതു് എപ്പോഴാണെന്നു നിശ്ചയമില്ല. കാവൽഭൃത്തന്റെ സഹായത്താൽ ഞങ്ങൾ അപകടം കൂടാതെ ഒരു പുഴവക്കത്തു് എത്തി. അധികം ആഴമില്ലാത്ത പുഴകളാണെങ്കിലും ഭാരവണ്ടി ഈ നദികളിൽക്കൂടി കുതിരകൾ വലിക്കാറില്ല. അതുകൊണ്ടു സാമാനങ്ങളും അടുക്കളയേയും താഴെയിറക്കിയിട്ടുവേണം അക്കരയ്ക്കുപോകാൻ. തൽമൂലം രണ്ടുമൂന്നു പുഴകൾ കടക്കുന്നതിനു പാടരക്ഷയും തുകൽപെട്ടിയും കയ്യിലെടുത്തു നിന്നിക്കടക്കേണ്ടിവന്നു. പിന്നീടുണ്ടായ കയറ്റമിറക്കത്തിന്റെ വൈഷമ്യത്താൽ വണ്ടിയിൽ പോകുവാൻ നിർവ്വാഹമില്ലാതെ ഒന്നൊരണ്ടും മൈൽ കാൽനടയായിട്ടാണു് ഉദ്ദിഷ്ടസ്ഥലത്തെത്തിയതു്. പോയവഴിക്കു രണ്ടാമതൊരു പുഴ കടന്നവസ്തുതയെപ്പറ്റി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ നദിയിൽ വെള്ളം അല്പം കൂടുതലായിരുന്നു. അതുകൊണ്ടു ഞങ്ങൾക്കു തല്ക്കാലം ഒരു കാളവണ്ടി തയാറാക്കി പുറപ്പെടേണ്ടിവന്നു. ആറിന്റെ മദ്ധ്യമായപ്പോൾ കാളകൾ സ്വല്പംപോലും മുമ്പോട്ടു ഗമിക്കയില്ല. നദിമദ്ധ്യേ വണ്ടിയിലിരിക്കുന്ന നവമിഷ്യനറിയെ, ആജാനുബാഹുവായ വണ്ടിക്കാരൻ, "ഞാൻ പല മിഷ്യനറിമാരെയും ഇതുപോലെ കൊണ്ടുപോയിട്ടുണ്ടു്" എന്നു പറഞ്ഞുകൊണ്ടു, അയാളുടെ തോളിൽ കയറിയിരിക്കുവാൻ നിർബന്ധിച്ചു. ഗത്യന്തരമില്ലാതിരുന്നതിനാൽ ആ മനുഷ്യന്റെ പുറത്തുകയറി മറുകര എത്തി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

ഞങ്ങൾ, മഹാർ ജാതിയിലുള്ള ജനങ്ങൾ അധികമായി താമസിക്കുന്ന 'മഹാർവാടാ'യിൽ ഉദ്ദേശം മൂന്നുമണിക്കു ചെന്നുചേർന്നു. അവിടെ പ്രസ്തുത ജാതിക്കാരിൽ മുഖ്യന്മാരായ ചില കത്തോലിക്കർ എന്നെ കാണ്മാൻ വന്നുതുടങ്ങി. അവർ കൈക്രൂപ്പി 'ഫ്രൂദ്വാമി'യുടെ കാൽക്കൽവീണു. "യേശുക്രിസ്താലാഗവുറവു അസൊ" (ഈശോമിശിഹായുടെ സ്തുതിയുണ്ടായിരിക്കട്ടെ) എന്നു സുകൃതസ്തുതി ചൊല്ലിക്കൊണ്ടു ചുംബിക്കുന്നു. പിന്നീടു ഒരു വയസ്സൻവന്നു് എന്റെ കാൽക്കൽവീണു രണ്ടു കയ്യുംകൊണ്ടു പാദംമുതൽ മുട്ടുവരെ പിടിച്ചു ഞെരിക്കുവാൻ തുടങ്ങി. ഇതു എന്തെന്നറിയാതെ ഞാൻ അമ്പരന്നുവെങ്കിലും ഉടൻ ഇതു "പാതിരിസാഹിബ്ബി"നോടുള്ള അനിതരസാധാരണമായ ബഹുമാനസൂചനയാണെന്നു പ്രധാന ഉപദേശി പറഞ്ഞപ്പോഴേ എനിക്കു ആശ്വാസമായുള്ളൂ. ആ വൃദ്ധന്റെ അഭിലാഷമനുസരിച്ചു വൃദ്ധനെ ആശീർവദിച്ചു സന്തുഷ്ടനാക്കിയതു മറക്കാൻ നിവൃത്തിയില്ല. (തുടരും)

ജപാപ്പസ്തോലസഖ്യം.

ഡിസംബർ മാസത്തിലെ പൊതുനിയോഗം.

I സെമിനാരികൾക്കു, പ്രത്യേകിച്ചു മെക്സിക്കോയിലും മെക്സിക്കോയിക്കുവേണ്ടിയുമുള്ള സെമ്മിനാരികൾക്കുവേണ്ടി.

മാതൃകായോഗ്യരായ വൈദികരുടെ പരിശീലനത്തിനാണ് തിരുസ്സഭ ആദിമകാലം മുതൽ അത്യധികമായ ശ്രദ്ധ പ്രദർശിപ്പിച്ചിട്ടുള്ളതെന്നു ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസു് മാപ്പാപ്പാ പ്രസ്താവിച്ചിരിക്കുന്നു. മതപീഡനത്തിനുമുമ്പു് മെക്സിക്കോയിൽ 8 അതിരൂപതകളും 25 രൂപതകളും 3 ഉന്നത സെമ്മിനാരികളും 13 പ്രാഥമിക സെമിനാരികളും 22 പൂർണ്ണസെമിനാരികളും ഉണ്ടായിരുന്നു. 7 രൂപതകളിൽ അന്നും സെമിനാരി ഇല്ലായിരുന്നു. പ്രസ്തുത സെമിനാരികളും എല്ലാംതന്നെ ഗവൺമെൻറ് നിരുത്തലാക്കിയതിനാൽ, വൈദികരുടെ ദൗർലഭ്യംമൂലം, കത്തോലിക്കവിശ്വാസം അത്യന്തഘട്ടത്തിലെത്തി. മൊറെലിയൻസിലെ മെത്രാപ്പോലീത്തായും അദ്ദേഹത്തോടുകൂടി എല്ലാ മെക്സിക്കൻ മെത്രാന്മാരും, തങ്ങളുടെ ഭരണീയരുടെ വിശ്വാസം ക്ഷയിക്കാതിരിക്കുന്നതിനു, മർദ്ദനത്തിൽനിന്നു സുരക്ഷിതമായ ഒരു വലിയ സെമിനാരി സ്ഥാപിക്കണമെന്നു തീരുമാനിക്കയും അമേരിക്കൻ ഐക്യരാജ്യങ്ങളിലെ മെത്രാന്മാരുടെ സഹകരണത്തോടുകൂടി പ്രസ്തുത രാജ്യാതുത്തിയിൽ പുതിയ സെമിനാരി സ്ഥാപിക്കയും ചെയ്തു. തന്മൂലമാണ് സെമിനാരികൾക്കുവേണ്ടി പൊതുവെയും മെക്സിക്കൻ സെമിനാരികൾക്കുവേണ്ടി പ്രത്യേകിച്ചും പ്രാർത്ഥിക്കുന്നതിനു പുറമെ മെക്സിക്കൻ വൈദികവിദ്യാർത്ഥികൾക്കായുള്ള സെമിനാരികൾക്കുവേണ്ടി വിശേഷവിധിയായി പ്രാർത്ഥിക്കണമെന്നു പ. പിതാവു് അഭിലഷിക്കുന്നതു്.

II മിഷ്യൻ രംഗങ്ങളിലെ കത്തോലിക്ക സർവകലാശാലകൾക്കുവേണ്ടി.

മിഷ്യൻപ്രദേശങ്ങളിൽ ആകെ ബേറൂത്തിൽ (Bayrouth) ഒരു പൂർണ്ണസർവകലാശാലയും, ബാംഗളൂർ, ബോംബേ, കൽക്കട്ടാ, മദ്രാസ്, മാംഗളൂർ പാളേംകോട്ടാ, ഷാങ്ഹേയ്, തൃശ്ശിനാപ്പള്ളി, പെക്കിംഗ്, റാങ്കൂൺ സിൻ, ടോക്കിയോ എന്നീ സ്ഥലങ്ങളിലായി പത്തുകോളേജുകളുമാണുള്ളതു്. ക്രിസ്തുവിൻറെ രാജ്യം പരത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും പ്രസ്തുത സ്ഥാപനങ്ങൾ ബഹുമാപ്രയോ

ജനകരമാണ്. ഇവമൂലം അക്കൈസ്തവർ കത്തോലിക്കരെ യഥാർഹം മതിക്കയും ഈ മതിപ്പു അവരുടെ മാനസാന്തരത്തിനു വഴിതെളിക്കയും ചെയ്യുന്നു. താട്ടശസ്ഥാപനങ്ങൾ ആരംഭിച്ചു നടത്തിക്കൊണ്ടുപോകുന്നതിനു വളരെയധികം ധനം ആവശ്യമായിരിക്കുന്നു. മിഷ്യനിൽ ഈട്ടശസ്ഥാപനങ്ങൾ വർദ്ധിക്കുന്നതിനും അവ ഉദ്ദിഷ്ടഫലം പുറപ്പെടുവിക്കുന്നതിനുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

കച്ചേരിക്കായ്യം.

വൈദികരുടെ സ്ഥലംമാറ്റം.

വികാരിമാർ.

1	പൊറേറടത്തു ബ. യോഹന്നാനച്ചൻ	അരുവിത്തുറ
2	വേമ്പേനിക്കൽ ബ. ദേവസ്യാച്ചൻ	കടപ്ലാമറ്റം
3	മുക്കാട്ടുകുന്നേൽ ബ. ഗീവറുഗീസച്ചൻ	മുണ്ടന്താനം
4	തെക്കെയിൽ ബ. സക്കറിയാസച്ചൻ	കടനിക്കാട്ട
5	വടക്കേമുറിയിൽ ബ. മാണിയച്ചൻ	ശങ്കരമ്പള്ളി
6	ചന്ദ്രംകുന്നേൽ ബ. അബ്രാഹമച്ചൻ	ഇത്തിത്താനം
7	കാരിശേരിൽ ബ. കുഞ്ഞച്ചൻ	വയലാ
8	താഴത്തേട്ട ബ. തോമ്മാച്ചൻ	ചിറ്റാർ
9	ചേന്നാട്ട ബ. മത്തായി അച്ചൻ	മണിയംകുന്നു
10	തെയ്യിൽ ബ. യാക്കോബച്ചൻ	കുന്നോന്നി
11	എറത്തയിൽ ബ. യാക്കോബച്ചൻ	മല്ലപ്പള്ളി
12	കാരുവേലിൽ ബ. ഗീവറുഗീസച്ചൻ	പുഞ്ഞാർ

അസിസ്റ്റെന്തിമാർ.

1	പാറപ്ലാക്കൽ ബ. കുഞ്ഞാക്കോസച്ചൻ	എലിക്കുളം
2	കൊട്ടാരത്തുമാലിൽ ബ. മത്തായി അച്ചൻ	കപ്പാട്ടുചിറ
3	പാറേമ്മാക്കൽ ബ. തോമ്മാച്ചൻ	കടനാട്ട
4	ചക്കുംകുളം ബ. യൗസേപ്പച്ചൻ	പാലാ
5	താഴത്തയിൽ ബ. യാക്കോബച്ചൻ	കുറവിലങ്ങാട്ട
6	വീട്ടുവേലിക്കുന്നേൽ ബ. യൗസേപ്പച്ചൻ	ആലപ്പുഴ
7	മുള്ളംകുഴിയിൽ ബ. യോഹന്നാനച്ചൻ	പുന്തോപ്പു കു.
8	പനക്കപ്പറമ്പിൽ ബ. യൗസേപ്പച്ചൻ	ആലപ്പുഴ
9	പാലാക്കുന്നേൽ ബ. സക്കറിയാസച്ചൻ	കാവാലം
10	വല്ലിശേരിൽ ബ. ശൗര്യാരച്ചൻ	ആലപ്പുഴ കു. പ.
11	കരിക്കംപള്ളിൽ ബ. ഗ്രിഗരിയച്ചൻ	എടത്വാ

1939-ലെ മിഷ്യൻ ഞായറാഴ്ചപ്പിരിവ്.

	രൂ.	ച.	കാ.
വായ്പൂർ പഴയപള്ളി	3	0	0
കുന്നന്താനം പള്ളി	1	19	12
ചേർപ്പുങ്കൽപള്ളി	17	0	0
മൂളക്കുളം പള്ളി	5	0	0
തെള്ളിയൂർ പള്ളി	1	0	0
ച. ക്ലാരമഠം	2	16	0
ആനിക്കാട്ട് ആലുങ്കൽ കുടുംബയോഗം വക പ്രേരേൽ ബ. തോമ്മാച്ചൻവശം	5	0	0
മുട്ടാർ മറിയഗിരി കൊവേന്ത	2	0	0
തമ്പലയ്ക്കാട്ട പള്ളി	5	0	0
തുക്കൊടിത്താനംപള്ളി	4	7	0
കുഴിനാട്ട കൊവേന്ത	2	21	4
കുടയത്തൂർ പള്ളി	5	0	0
പാടുവാ പള്ളി	3	8	0
അന്ത്യാളൻപള്ളി	6	14	8
കോട്ടാങ്ങൽ പള്ളി	1	14	4
അതിരമ്പുഴ പള്ളി	23	0	0
ഇത്തിത്താനം പള്ളി	1	9	8
അരീത്തുറപ്പള്ളി	28	21	12
ഭരണങ്ങാനം പള്ളി	28	0	0
അവുന്നറിമംഗലംപള്ളി	3	18	8
നീലൂർ പള്ളി	5	22	4
കോട്ടയം തിരുഹൃദയപ്പള്ളി	2	0	0
കാഞ്ഞിരപ്പള്ളിപ്പള്ളി	105	0	0
കുറവിലങ്ങാട്ട പള്ളി	10	28	0
വേഴപ്രാ പള്ളി		14	4
നാറാണംമൂഴിപ്പള്ളി	3	14	4
പുവത്തോട്ടുപള്ളി	33	0	0
പൊൻകുന്നംപള്ളി	6	14	8
ചിറക്കടവു പള്ളി	13	7	8
M. C. Y. L., ഗേൾസ് ഹൈസ്കൂൾ, ചങ്ങനാശേരി	10	0	0
സൊഡാലിറ്റി " "	1	11	4

(തുടരും)

അരമനവാർത്തകൾ.

നവംബർ 1. ചെത്തിപ്പുഴ കമ്മലീത്താ കൊവേന്ത വകയായി പണികഴിപ്പിച്ചിട്ടുള്ള പുതിയ കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം ഇന്നലാവിലെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് നിർവഹിക്കയും പുതിയ കപ്പേളയിലെ പ്രധാനാൾത്താരയിൽ തിരുമനസ്സുകൊണ്ട് ദിവ്യപൂജ അർപ്പിക്കയുംചെയ്തു.

നവം. 2. തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനിയും, തിരുവല്ലാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ തിരുമേനിയും അരമനയിലെത്തി മെത്രാനച്ചൻ തിരുമനസ്സിനെ സന്ദർശിച്ചു.

നവം. 4. തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനി വീണ്ടും അരമനയിൽവന്നു വന്ദ്യപിതാവിനെ സന്ദർശിച്ചു മടങ്ങി.

നവം. 5. ഇന്നച്ചകഴിഞ്ഞു ഭദ്രാസനപ്പള്ളിയിൽവച്ചു് എണ്ണൂറോളം കുട്ടികൾക്കു് വന്ദ്യതിരുമേനി സ്ഥൈര്യലേപനം നൽകി. നാലരമണിക്കു്, കത്തീഡ്രൽ സെൻറ് വിൻസൻറ് ഡി പോൾ സംഘത്തിന്റെ പ്രഥമവാർഷികസമ്മേളനത്തിൽ തിരുമനസ്സുകൊണ്ടു് അദ്ധ്യക്ഷത വഹിച്ചു.

നവം. 7. ഡർബാറിൽ സംബന്ധിക്കുന്നതിനായി തലസ്ഥാനനഗരിയിലേക്കുള്ള യാത്രാമദ്ധ്യേ എറണാകുളം മെത്രാപ്പോലീത്താ, മാർ ആഗസ്തീൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് അരമനയിൽവന്നു മെത്രാനച്ചനെ സന്ദർശിക്കുകയുണ്ടായി.

നവം. 10. കാലത്തു ഒമ്പതു മണിക്കു് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് തിരുവിതാംകൂർ സർവകലാശാലാ കോൺവൊക്കേഷനിൽ സംബന്ധിക്കുന്നതിനായി തിരുവനന്തപുരത്തിനു പോകുകയും, ദിവാൻജിക്കു് തിരുവനന്തപുരം മെത്രാപ്പോലീത്തൻ അരമനയിൽവച്ചു നൽകിയ ഉദ്യാനവിരുന്നിലുംമറ്റും സംബന്ധിച്ചശേഷം നവംബർ 17-ാം തീയതി ഉച്ചകഴിഞ്ഞു മൂന്നു മണിക്കു് അരമനയിൽ തിരിച്ചെത്തുകയും ചെയ്തു.

നവം. 18. കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ മെത്രാഭിഷേക രജതജൂബിലി പ്രമാണിച്ചു് കോട്ടയം സെൻറ് അന്നാസ് ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ട പൊതുയോഗത്തിൽ മെത്രാനച്ചൻ തിരുമേനിയും സംബന്ധിക്കുകയുണ്ടായി.

നവം. 19. ഭദ്രാസനപ്പള്ളിയിൽവച്ച് നാന്നൂറോളം കുട്ടികൾക്ക് മെത്രാനച്ചൻ സ്ഥൈര്യലേപനം നൽകി.

നവം. 22. ഭരണങ്ങാനം ഇടവക തറപ്പേൽ ബ. മാണിയച്ചന്റെ ശവസംസ്കാരകർമ്മത്തിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പ്രധാനകാർമ്മികത്വം വഹിച്ചു.

നവം. 26, 27 എന്നീ തീയതികളിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് പായിപ്പാട്ട്, ചമ്പക്കര എന്നീ പള്ളികളിൽ ഔദ്യോഗികവിസീത്ത നടത്തി.

N. B. ഡിസംബർ 3, 4, 5, 11, എന്നീ തീയതികളിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് തോട്ടയ്ക്കാട്ട്, നെടുംകുന്നം, കുരുപ്പിള്ളി, പൊൻകുന്നം എന്നീ പള്ളികളിൽ യഥാക്രമം ഔദ്യോഗികവിസീത്ത നടത്തുന്നതായിരിക്കും.

CASUS THEOLOGIAE MORALIS, N. 25,
Mense Decembris Anno 1939 Solvendus.

De obligatione audiendi poenitentes.

Sacerdos Caius eos tantum sacramentaliter audit, quos probe novit ad Poenitentiae tribunal frequenter accedere. Quin immo quotquot ex praecedentibus confessionibus gravibus conscientiae nodis complexos novit, ad parochum aliumve sacerdotem inauditos remittit. E contra, mulierculas quasdam, non sine adstantium murmuratione, quotidie sacramentaliter audit.

Quaeritur:

1. Num simplex confessarius ad quosvis sibi accedentes poenitentes recipiendos teneatur.

2. Quid de mulierum confessionibus in casu dicendum.

പുസ്തകാഭിപ്രായം

2. 'വാർദ്ധാവിദ്യാഭ്യാസപദ്ധതി' (വില 8 ണ.)

(ഗ്രന്ഥകർത്താ: മി. മാത്യു എം. കഴിവേലി, ബി. എ., എൽ. ടി.)

സ്ക്കൂൾമാസ്റ്റർ പ്രസിദ്ധീകരണശാല, പാലാ.

മനുഷ്യന്റെ കായികവും, മാനസികവും, ആദ്ധ്യാത്മികവുമായ ആന്തരികശക്തികളെ വികസിപ്പിച്ച ഐഹികജീവിതം സർവ്വഥാ വിജയപ്രദമാക്കുന്നതിനുപയുക്തമായ പരിശീലനം നൽകുകയാണ് യഥാർത്ഥവിദ്യാഭ്യാസത്തിന്റെ ധർമ്മം. ഇതിനെ ആധാരമാക്കിയിട്ടുള്ള വാർദ്ധാപദ്ധതിയുടെ മൗലികതത്വങ്ങളും ആദർശങ്ങളും പ്രയോജനങ്ങളും ഈ ചെറുഗ്രന്ഥത്തിൽ സമഗ്രമായി വിവരിച്ചിരിക്കുന്നു. പണ്ഡിതനായ ഗ്രന്ഥകാരനും ഗ്രന്ഥത്തിനും സർവ്വവിജയവും ആശംസിച്ചുകൊള്ളുന്നു.

പള്ളിമെഴുകുതിരികൾ

പള്ളിക്കർമ്മാദികൾക്കാവശ്യമുള്ള എല്ലാത്തരം നാടൻ മെഴുകുതിരികളും, പ്രത്യേകിച്ച് സ്പ്രിംഗ് തിരികളും, കൂടാതെ തെളിച്ചെടുത്ത വെള്ളക്കട്ടികളും വില്പനയ്ക്ക് എപ്പോഴും തയ്യാർ. മറ്റുചിലകലർപ്പുകൾ ചേർത്തും ശുദ്ധമായ മെഴുകുകൊണ്ട് തീർത്തിട്ടില്ലാത്തതുമായ തിരികൾ വളരെ കുറഞ്ഞവിലയ്ക്ക് കിട്ടിയാലും അതു നഷ്ടവും പള്ളിഉപയോഗത്തിന് കൊള്ളരുതാത്തതും ആണെന്ന് അറിയണം.

കുന്നത്ത് ഔസേപ്പ് ഔസേപ്പ്, പള്ളിക്ക് അടുത്ത് വടക്കുഭാഗം.
തുരുത്തി, ചങ്ങനാശേരി A—O

ചരമവാർത്ത.

ഭരണങ്ങാനംഫൊറോനാ ഇടവക തറപ്പേൽ ബ. മാണിയച്ചൻ അവർകൾ നവംബർ 21-ാംതീയതി അന്ത്യകൂദാശകളെല്ലാം സുബോധത്തോടെകൈക്കൊണ്ടനന്മടെകത്താവിൽ ഭാഗ്യമരണംപ്രാപിക്കുകയും എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ പ്രധാനകാർമികത്വത്തിൽ 22-ാംതീയതിബുധനാഴ്ച മൃതശരീരം ആഡംബരസമേതം സംസ്കരിക്കുകയുംചെയ്തു. പലഇടവകകളിലും പ്രശസ്തമായിഭരണം നടത്തിയിട്ടുള്ള ഈവന്ദ്യവൈദികന്റെ ആത്മശാന്തിക്കായി വിശ്വാസികൾപ്രാർത്ഥിപ്പാറാകണം. R. I. P.

Licence No. 183 Reg. No. T. 21

പഞ്ചാംഗം

ഡിസംബർ 1939 വൃശ്ചികം—ധനു 1115

അമലോത്ഭവമാതാവിന്റെ മാസം

1	15	വെ	(ഒഴിവു്)	റോ
2	16	ശ	ക. വേ. ബിബിയാന	ച
3	17	ഞാ ✠	ആഗമനം ക-ാം ഞാ. ക. 1. ക. (ദ്നൂവാരാ)	റോ
			☞ അടുത്ത വെള്ളി കടം	
4	18	തി	ക. വേ. ബർബരാ	ച
5	19	ചൊ	അഖാ. സാഖാ.	വെ
6	20	ബു	അ. മെ൪. നിക്കോവോസ്	വെ
7	21	വ്യാ	അ. മെ൪. അംബ്രോസിസ് മല്പാൻ	വെ
8	22	വെ ✠	മാതാവിന്റെ അമലോത്ഭവം	വെ
9	23	ശ	ഔദവജ്. അമ. എം.	വെ
10 ●	24	ഞാ ✠	ആഗ. 2-ാം ഞാ. ഹ. 2. മെ.	റോ
11	25	തി.	പാ. മെ൪. ദമേസോസ്	വെ
12	26	ചൊ	മെ൪. പ്രാൻസിസ്കോസ് ശൗരി. (ഈ. 3)	വെ
13	27	ബു	ക. വേ. ഉന്നിയ.	ച
14	28	വ്യാ	മാതാ. ഭേനമാറ്റം (ഈ. 10)	വെ
15	29	വെ	(ഒഴിവു്)	റോ
16	ധനു 1	ശ	(ഒഴിവു്)	റോ
17	2	ഞാ ✠	ആഗ. 3-ാം ഞാ. ക. 3. ഹ.	റോ
			☞ അടുത്ത ശനി ഒരുനേരം	
18	3	തി	മാ൪ തോമ. ശ്ലീ. പ്രത്യക്ഷം	ച
19	4	ചൊ	(ഒഴിവു്)	റോ
20	5	ബു	ശ്ലീ. ന. പി. മാ൪ തോമാ തലേ (പട്ടം)	റോ
21	6	വ്യാ	ശ്ലീ. ന. പി. മാ൪ തോമാ	ച
22	7	വെ	(പട്ടം)	റോ
23	8	ശ	(പട്ടം) ഒ. നേ.	റോ
24	9	ഞാ ✠	ആഗ. 4-ാം ഞാ. ഹ. 4. ക.	റോ
25 ○	10	തി ✠	ന. ക. പിറവി	വെ
26	11	ചൊ	വേ. എസ്തപ്പാനോസ്	ച
27	12	ബു	ശ്ലീ. യോഹന്നാൻ	വെ
28	13	വ്യാ	ശ്ലൂ. കുഞ്ഞിപ്പൈതങ്ങൾ	റോ
29	14	വെ	അ. വേ. തോമാ	ച
30	15	ശ		വെ
31	16	ഞാ ✠	പാ. മെ൪. സിൽവസ്ത്രോസ് ഹ. ൫. ഹ.	വെ
			☞ നാളെ കടം; അടുത്തതു് ആദ്യവെള്ളി.	

Printed and Published by Rev. Fr. Mathew Alakalam
at the St. Joseph's Orphanage Press, Changanacherry.